സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ചേരാനല്ലൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2017-18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് ഓഫീസ്

എറണാകുളം

e-mail:doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.KSAEKM.(പി10)2198/2018 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, ജില്ലാ

ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട്- 682030
ഫോൺ : 0484 2422271
email:doekm.ksad@kerala.gov.in
തീയതി: 06.02.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് ,
ചേരാനല്ലൂർ ഗ്രാമ പഞ്ചായത്ത്
(സെക്രട്ടറി മുഖേന)

സർ,

വിഷയം : ചേരാനല്ലൂർ ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചേരാനല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3 ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.
ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ , എറണാകുളം.
3)കാര്യാലയ പകർപ്പ്.

നം KSAEKM (പി.10)2198/2018 തിയ്യതി: 06.02.2019

<u>എറണാകുളംജില്ലയിലെ ചേരാനല്ലൂർ ഗ്രാമപഞ്ചായത്തിന്റെ</u>

## 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

## ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെട്ടവിക്കുന്നത്.)

എറണാകുളം ജില്ലയിലെ ചേരാനല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്തിലെ 1.4.2017 മുതൽ 14.10.2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചിട്ടുണ്ട്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇതിൽ അന്വേഷണക്കുറിപ്പുകൾ 29 എണ്ണം നൽകിയതിൽ 12 എണ്ണത്തിനു മാത്രമാണ് മറുപടി ലഭിച്ചിട്ടുള്ളത്. ഓഡിറ്റ് പരാമർശങ്ങൾക്കുള്ള മറുപടി എക്സിറ്റ് മീറ്റിംഗിൽ ചർച്ച ചെയ്തതിനു ശേഷമാണ് പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി ജയ സി.ആർ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റ് നടത്തിയ തിയതി | 15.10.2018 മുതൽ 31.10.2018 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
| പേര് | ഉദ്യോഗപ്പേര് |
| ശ്രീ.ജിനിൽ റോയ്. ഡി | ഓഡിറ്റ് ഓഫീസർ |
| ശ്രീ. സി.എം. റഷീദ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി. ഷാരിമോൾ.കെ.ആർ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ. ടിനു. കെ. ജെ | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| സ്ഥാനം /തസ്തിക | പേര് | കാലയളവ് | |
|---|---|---|---|
| പ്രസിഡന്റ് | ശ്രീമതി. സോണി ചീക്കു | 1.4.2017 | 31.3.2018 |
| വൈസ് പ്രസിഡന്റ് | ശ്രീ. സി.കെ.രാജു | 1.4.2017 | 31.3.2018 |
| സ്റ്റാൻറിംഗ് കമ്മറ്റി ചെയർ പേഴ്സൺസ് | | | |

| | | | |
|---|---|---|---|
| വികസന കാര്യം | ശ്രീമതി. ലിസി വാര്യത്ത് | 1.4.2017 | 31.3.2018 |
| ക്ഷേമകാര്യം | ശ്രീ പോൾ ജോസഫ് | 1.4.2017 | 31.3.2018 |
| വിദ്യാഭ്യാസം & ആരോഗ്യകാര്യം | ശ്രീമതി. ഷീബ. കെ. പി | 1.4.2017 | 31.3.2018 |

| | | | |
|---|---|---|---|
| സെക്രട്ടറി | ശ്രീ. സാജൻ. എം. ആർ | 1-4-2017 | 23-11-2017 |
| | ശ്രീ. ആനന്ദൻ. ടി.വി.(ചാർജ്) | 24-11-2017 | 10-12-2017 |
| | ശ്രീ. സാജൻ. എം. ആർ | 11-12-2017 | 22-2-2018 |
| | ശ്രീ. ആനന്ദൻ. ടി.വി. (ചാർജ്) | 23-2-2018 | 31-03-2018 |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി. മീന മാത്യു | 1.4.2017 | 27-06-2017 |
| | ശ്രീമതി. ഗായത്രി.എം.വി | 28-6-2017 | 4-8-2017 |
| | ശ്രീ. ആനന്ദൻ. ടി.വി. | 05-8-2017 | 31-3-2018 |

<u>നിർവ്വഹണ ഉദ്യോഗസ്ഥർ</u>

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| കൃഷി ഓഫീസർ | ശ്രീമതി .പുഷ്യ രാജൻ | 1.4.2017 | 31.3.2018 |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി, | ഡോ.ശ്രീരേഖ. വി.എസ് | 1.4.2017 | 31.3.2018 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. ബീന പ്രദീപ് | 1.4.2017 | 1-8-2017 |
| | ഡോ. സൗമ്യ രമേഷ് | 2-8-2017 | 31-3-2018 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.നഫീസ | 1.4.2017 | 31-3-2018 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി ജൂഡി | 1.4.2017 | 10-09-2017 |
| | ശ്രീമതി. വീണ.ടി.വി | 11-09-2017 | 26-11-2017 |
| | ശ്രീമതി. ജസ്സ | 27-11-2017 | 31-03-2018 |
| വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി സ്മിത. പി.ജി | 1.4.2017 | 31.3.2018 |
| വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.പ്രഗത്. വി. പ്രഭാകർ | 1.4.2017 | 31.3.2018 |
| വെറ്റിനറി സർജൻ | ഡോ. ഷെറി മാത്തൻ | 1.4.2017 | 31.3.2018 |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി. ബിന്ദു പ്രസാദ് | 1.4.2017 | 9-8-2017 |
| | റേച്ചൽ ബെഞ്ചമിൻ | 10-8-2017 | 31-3-2018 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി. മറീന പോൾ | 1.4.2017 | 27.10.2017 |
| | ശ്രീമതി. അഞ്ജു കുര്യൻ | 28.10.17 | 31.03.2018 |
| ഹെഡ്മിസ്ട്രസ് | ശ്രീമതി. ബീന.പി.കെ | 1.4.2017 | 31.3.2018 |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1<br>പൊതു അവലോകനം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 | |

| | | | |
|---|---|---|---|
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| 12 | ധനകാര്യ പത്രികയിലെ അപാകതകൾ | 1-12 | |
| 13 | ഓഡിറ്റ് എൻക്വയറിയെ തുടർന്ന് തുക തിരിച്ചടച്ചത് | 1-13 | |
| | ഭാഗം 2 | | |
| 14 | ഡി & ഒ ലൈസൻസ് - 2900 രൂപ നഷ്ടം | 2-1 | |
| 15 | റഗുലറൈസേഷൻ ഫീസ് കുറവ് ഈടാക്കി - 2941 രൂപ നഷ്ടം | 2-2 | |
| 16 | ഭാഗിക ഒക്കുപ്പൻസി -അപാകത | 2-3 | |
| 17 | റോഡ് കട്ടിംഗ് - പരാതി | 2-4 | |
| 18 | ലേലം -അപാകതകൾ | 2-5 | |
| 19 | വാടക 61416 രൂപ ഈടാക്കണം | 2-6 | |
| 20 | തുക പിൻവലിക്കൽ വിശദ വിവരം ലഭ്യമാക്കിയില്ല | 2-7 | |
| 21 | മാലിന്യ സംസ്കരണം - നടപടി സ്വീകരിക്കണം | 2-8 | |
| 22 | രസീത് സൂക്ഷിപ്പിലെ അപാകതകൾ | 2-9 | |
| | ഭാഗം- 3 | | |
| 23 | ടെണ്ടർ കുറവ് വരുത്തിയില്ല – 125664 രൂപ നഷ്ടം | 3-1 | |
| 24 | അവാർഡ് വിതരണം -50469/- രൂപ നിരാകരണം | 3-2 | |
| 25 | കടത്ത് വള്ളം അറ്റകുറ്റപ്പണി-39770 രൂപ നിരാകരണം,55230 രൂപ തടസ്സം | 3-3 | |
| 26 | പ്ലാസ്റ്റിക്ക് ഷ്രെഡിംഗ് യൂണിറ്റ് - 982943 രൂപ തടസ്സം | 3-4 | |
| 27 | ലാപ്പ് ടോപ്പ് വിതരണം –466200 രൂപ തടസ്സം | 3-5 | |
| 28 | തെരുവ് വിളക്ക് അറ്റകുറ്റപ്പണി - 398981 രൂപ തടസ്സം | 3-6 | |
| 29 | കട്ടിൽ വിതരണം - 369750 രൂപ തടസ്സം | 3-7 | |
| 30 | സൈക്കിൾ വിതരണം - 103012 രൂപ തടസ്സം | 3-8 | |
| 31 | കുടിവെള്ള കണക്ഷൻ - 75000 രൂപ തടസ്സം | 3-9 | |
| 32 | മിശ്ര വിവാഹ സഹായം - അംഗീകാരത്തിലെ അപാകത | 3-10 | |
| 33 | വക്കീൽ ഫീസ് -ആദായനികുതി അടച്ചിട്ടില്ല | 3-11 | |
| 34 | മഴക്കാലപൂർവ്വ ശുചീകരണം- സർക്കാർ വിഹിതം ലഭ്യമായില്ല | 3-12 | |
| 35 | തെരുവ് വിളക്കുകളുടെയും, കുടിവെള്ള ടാപ്പുകളുടെയും സംയുക്തപരിശോധന | 3-13 | |
| 36 | മുൻകൂർ തുകകൾ ക്രമപ്പെടുത്തണം | 3-14 | |
| 37 | വൗച്ചറുകളുടെ സൂക്ഷിപ്പ്- അപാകതകൾ | 3-15 | |

| | | | |
|---|---|---|---|
| | ഭാഗം 4<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 38 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 39 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 40 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 41 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 42 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 43 | ഓഡിറ്റ് റിക്കവറി | 4-6 | |
| 44 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 45 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 | |
| 46 | ഓഡിറ്റ് പ്രത്യവലോകനം | 4-9 | |
| 47 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 | |
| 48 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം.1 | |
| 49 | ബാലൻസ് ഷീറ്റ് | അനുബന്ധം.2 | |
| | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | | |
| | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18വർഷത്തെ ബജറ്റ് 25-3-2017 തീയതിയിലെ (1)- ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2017 | 01-06-2017 |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 27-6-2018 മുതൽ 28-6-2018 വരെ | കെ.എസ്.എ.ഇ.കെ.എം.(പി.ജി.)1786(12)/18 തീയതി.29-8-2018 |

.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 32875237 |
| വരവ് | 58134622 |

| | |
|---|---|
| ആകെ | 91009859 |
| ചെലവ് | 60267911 |
| നീക്കിയിരിപ്പ് | 30741948 |

# 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ | ചെലവ് തുക | നീക്കിബാക്കി (RP40(b) |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 12340000 | 12340000 | 10969818 | 0 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 4026540 | 4026540 | 1584912 | 0 |
| വികസനഫണ്ട്. (ടി.എസ്.പി) | 0 | 23990 | 23990 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 3509000 | 3509000 | 2378286 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 3410000 | 3410000 | 2563072 | 0 |
| ധനകാര്യകമ്മീഷൻ അവാർഡ് | 0 | 11493051 | 11493051 | 2412400 | 0 |
| ലോകബാങ്ക് സഹായം | 0 | 1310005 | 1310005 | 995137 | 0 |
| എം.എൻ. ആർ. ഇ. ജി.എസ് | 1197 | 431015 | 432212 | 430822 | 1390 |
| ജനകീയ ഭവനം | 100975 | 3911 | 104886 | 0 | 104886 |
| ബി.എസ്. യു.പി | 73111 | 2831 | 75942 | 0 | 75942 |
| സാക്ഷരത | 2969 | 115 | 3084 | 0 | 3084 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 5611527 | 9570000 | 15181527 | 14071299 | 1110228 |
| ടി.എസ്.സി | 200293 | 480846 | 681139 | 0 | 681139 |
| ഐ.സി.ഡി.എസ് | 396739 | 543031 | 939770 | 80060 | 859710 |
| ജോയിന്റ് വെഞ്ചർ ബ്ലോക്ക് പഞ്ചായത്ത് | 1757531 | 953375 | 2710906 | 0 | 2710906 |
| ജില്ലാ പഞ്ചായത്ത് | 16625 | 0 | 16625 | 0 | 16625 |
| ശുചിത്വ മിഷൻ | 0 | 446301 | 446301 | 329244 | 117057 |
| തനത് ഫണ്ട് | 24667059 | 9590611 | 34257670 | 9382870 | 24874800 |

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിശദവിവരങ്ങശൾ താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കത്തവ | പൂർത്തികരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 164 | 94 | 10 | 60 | 57.32 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ്.% |
|---|---|---|---|---|---|
| സെക്രട്ടറി | 39 | 22 | 15638895 | 6987581 | 44.68 |
| അസിസ്റ്റന്റ് സെക്രട്ടറി | 9 | 7 | 21660000 | 1175612 | 5.43 |
| അസിസ്റ്റന്റ് എൻജിനീയർ | 73 | 37 | 29671585 | 11477168 | 38.68 |
| കൃഷി ഓഫീസർ | 7 | 7 | 1081726 | 858559 | 79.36 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 6 | 6 | 5915200 | 4942350 | 83.55 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 2 | 1 | 305000 | 300000 | 98.36 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 3 | 3 | 200000 | 200000 | 100 |
| മെഡിക്കൽ ഓഫീസർ(സി.എച്ച്.സി) | 2 | 2 | 670000 | 591762 | 88.32 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 10 | 6 | 14750000 | 7304200 | 49.52 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 160000 | 160000 | 100 |
| ഹെഡ് മാസ്റ്റർ(GLPS) | 6 | 6 | 506000 | 390905 | 77.25 |
| വെറ്റിനറി സർജൻ | 6 | 6 | 1278000 | 848000 | 66.35 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 1197 | 431015 | 432212 | 430822 | 1390 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 4922178 | 4922178 | 4922178 | 0 |
| ആകെ | 1197 | 5353193 | 5354390 | 5353000 | 1390 |

## 1-8 ക്ഷേമ പദ്ധതികൾ

| ക്രമ നം | പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 8107900 | 3 |
| 2 | തൊഴിൽ രഹിത വേതനം | 4560 | 0 |
| 3 | വിധവാ പെൻഷൻ | 11253700 | 45 |
| 4 | വികലാംഗ പെൻഷൻ | 2522000 | 13 |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 662400 | 55 |
| 6 | വാർദ്ധക്യ കാല പെൻഷൻ | 27092400 | 254 |
| 7 | വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 240000 | 2 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.10.2018 ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധന യിൽ

6508 /- രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തരനിയന്ത്രണം.

1. ദുരിതാശ്വാസ നിധി

കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ 2003 പ്രകാരമുള്ള ദുരിതാശ്വാസ നിധി ഗ്രാമപഞ്ചായത്തിൽ രൂപീകരിച്ചിട്ടില്ല. ചട്ടങ്ങൾ പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതി ക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്നവർക്ക് അടിയന്തിര ഘട്ടങ്ങളിൽ ധനസഹായം അനുവദിക്കാൻ ഈ നിധി സഹായകരമാണ്. പഞ്ചായത്ത് കമ്മറ്റിയുടെ ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

2. രജിസ്റ്ററുകൾ

എ) തൊഴിൽനികുതിയുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുന്നില്ല. രജിസ്റ്ററുകളുടെ അഭാവത്തിൽ തൊഴിൽനികുതി പിരിവിന്റെ കൃത്യത പരിശോധിക്കുവാൻ കഴിഞ്ഞില്ല. പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന എല്ലാ സ്ഥാപനങ്ങളേയും ഉൾപ്പെടുത്തി രജിസ്റ്ററുകൾ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.
ബി) സ്യൂട്ട് രജിസ്റ്റർ പൂർണ്ണമായ വിവരങ്ങൾ ചേർത്ത് കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ 2017-18 വർഷം വക്കീലിന് നൽകിയ ഫീസ് ഏത് കേസുകൾക്കാണ് എന്നത് വ്യക്തമാകുന്നില്ല. സ്യൂട്ട് രജിസ്റ്റർ കേസുകളുമായി ബന്ധപ്പെട്ട മുഴുവൻ വിവരങ്ങളും ചേർത്ത് തയ്യാറാക്കേണ്ടതാണ്.

സി)സാംഖ്യ രസീതുകളുടെ സ്റ്റോക്ക് രജിസ്റ്ററുകളിൽ സ്റ്റേഷനറി കൈപ്പറ്റിയത് ആരെന്ന് രേഖപ്പെടുത്തുന്നില്ല. സ്റ്റേഷനറികൾ ക്രമമായല്ല വിതരണം ചെയ്തിട്ടുള്ളത്. ഇത്തരം പ്രവണത തുടർന്നാൽ സ്റ്റേഷനറികൾ നഷ്ടപ്പെടുന്നതിനും, ആയത് ദുരുപയോഗം ചെയ്യപ്പെടുന്നതിനും സാധ്യതയുണ്ട്. ആയതിനാൽ രസീതുകൾ കൈപ്പറ്റുന്ന ഉദ്യോഗസ്ഥന്റെ പേര് വിവരം ചേർത്ത് ഒപ്പിട്ടുവിച്ച് ക്രമമായി വിതരണം ചെയ്യേണ്ടതാണ്.

3.മോണിറ്ററിംഗ്

നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കുന്ന പദ്ധതികൾ മോണിറ്ററിംഗ് ചെയ്യുക എന്നത് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രധാന ചുമതല ആയിരിക്കെ, വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതികൾ മോണിറ്ററിംഗ് ചെയ്യുകയോ, അഭിപ്രായം രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. ഏതൊരു പ്രോജക്ടിന്റേയും ജയപരാജയങ്ങൾ വിലയിരുത്തുന്നത് കൃത്യമായ മോണിറ്ററിംഗിലൂടെയാണ്. ആയതിനാൽ ഇക്കാര്യത്തിൽ വേണ്ടത്ര പ്രാധാന്യം നൽകാതിരിക്കുന്നത് ശരിയായ നടപടിയല്ല. പഞ്ചായത്ത് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിക്കുന്നു.

4.അങ്കണവാടികൾ

ചേരാനല്ലൂർ ഗ്രാമ പഞ്ചായത്തിൽ ആകെ 29 അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ട്. ഇവയിൽ 14 എണ്ണം സ്വന്തം കെട്ടിടത്തിലും, 15 എണ്ണം വാടക കെട്ടിടങ്ങളിലും, ഒരെണ്ണം പുറമ്പോക്കിലുമായാണ് പ്രവർത്തിക്കുന്നത്. 22-3-2011ലെ 31055/ഡി.സി.2/2011/ത.സ്വ.ഭ.വ. സർക്കാർ പരിപത്രം പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ എഞ്ചിനീയർ എല്ലാ വർഷവും മെയ് 10 നകം വാടകകെട്ടിടങ്ങൾ ഉൾപ്പെടെ എല്ലാ അങ്കണവാടികളും സന്ദർശിക്കേണ്ടതും പരിശോധിച്ച് ഫിറ്റ്നെസ്സ് സർട്ടിഫിക്കറ്റ് നൽകേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ചേരാനല്ലൂർ ഗ്രാമ പഞ്ചായത്തിലെ അങ്കണവാടി കെട്ടിടങ്ങൾക്ക് ഒന്നിനും ഫിറ്റ്നെസ്സ് സർട്ടിഫിക്കറ്റ് നൽകിയിട്ടില്ല. പ്രളയബാധിത

പ്രദേശമായതിനാൽ അങ്കണവാടി കെട്ടിടങ്ങളുടെ ഫിറ്റ്നെസ്സ് പരിശോധിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ക്രമനം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോർമൻസ് ഓഡിറ്റ് | 01.10.2018 | 09/18 | 10-10-2018 | ഇല്ല |
| 2 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 9-6-2011-21-6-2011 | 2006-07 മുതൽ 2010-11 വരെ | 22-07-2011 | |

## 1-12 വാർഷിക കണക്കുകളിലെ അപാകത

വാർഷിക കണക്കുകൾ പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ചെലവ് തുക 2412400 രൂപയാണ്. എന്നാൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം ചെലവ് തുക 2979325 രൂപയാണ്. 566925 രൂപയുടെ വ്യത്യാസം നിലനിൽക്കുന്നത് വിശദീകരിക്കേണ്ടതാണ്.

.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഡി & ഒ ലൈസൻസ് - 2900 രൂപ നഷ്ടം

എ) ഡി & ഒ ലൈസൻസ് സംബന്ധിച്ച താഴെ പറയുന്ന അപേക്ഷകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

ഡി &ഒ ലൈസൻസ് സംബന്ധിച്ച അപേക്ഷകളിൽ അപേക്ഷ നമ്പർ 1 മുതൽ 283 വരെയും, 439 മുതൽ 447 വരെയും, 449 മുതൽ 469 വരെയും, 472 മുതൽ 474 വരെയും, 476 മുതൽ 480 വരെയും, 552 മുതൽ 563 വരെയും, 319, 321,341, 354, 358, 404, 420, 432, 433, 435, 436, 438, 481, 483, 487, 490, 507, 508, 513, 526 എന്നീ അപേക്ഷകളും പരിശോധയ്ക്ക് ലഭ്യമാക്കിയില്ല. ഇവ എത്രയും വേഗം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.
ഡി & ഒ ലൈസൻസ് സംബന്ധിച്ച് 29.10.2018 ൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.18) മറുപടി ലഭിച്ചില്ല.

ബി) ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ്

താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് തുക ഈടാക്കിയതിൽ കുറവുണ്ട്. വിശദ വിവരം

ചുവടെ ചേർക്കുന്നു.

| ക്രമ നം | പേര് | ആവശ്യം | ഫയൽ നം. | ദിവസ വിറ്റുവരവ് | ഈടാ ക്കേണ്ട തുക | ഈടാക്കിയ തുക | കുറവ് | രസീത് നം. തീയതി |
|---|---|---|---|---|---|---|---|---|
| 1 | പിഎ. ബർണാർഡ്, വീവൺ ഹാർഡ്വെയർ | ഹാർഡ് വെയർ ഷോപ്പ് | C5-3358/17 തീ.15/05/17 | 6000/- | 200/- | 100/- | 100/- | 1660 15/05/17 |
| 2 | പി.ഏ.സുധീർ P A.സൂപ്പർമാർക്കറ്റ്. | പലചരക്ക് വ്യാപാരം. | C5-3637/17 തീ.27/05/17 | 10000/- | 200/- | 100/- | 100/- | 1968 27/05/17 |
| 3 | അജിത്ത് ഭാസ്കരൻ മാനേജിങ്ങ് ഡയറക്ടർ, റൂഫ് കോ | Gi Pipe Roofing Sheets Steel items Welding Rodes etc | C5-3765/17 തീ.02/06/17. | 100000/- | 2000/- | 1000/- | 1000/- | 2497 13/06/17 |
| 4 | മനോജ് കുമാർ ടി.എം. വിസ്മയ പ്രിന്റേഴ്സ് | ബുക്ക് ബൈന്റിങ് | C5-4665/17 06/07/17 | 10000/- | 200/- | 100/- | 100/- | 3355 *13*/07 /17 |
| 5 | ഹാഷിം അതുല്യ ,എലിവേറ്റേഴ്സ് & എൻജിനിയേഴ്സ് | എലിവേറ്റേഴ്സ് സെയിൽസ് & ഇൻസ്റ്റലേഷൻസ് | C5-4697/17 07/07/17 | 7000/- | 200/- | 100/- | 100/- | 3443 14/07/17 |
| 6 | എസ്. ജ്യോതി റോയൽ ഫർണിച്ചേഴ്സ് | സ്ററീൽ, വുഡ് ഫർണിച്ചർ വില്പന | C5-6670/17 22/09/17 | 35000/- | 1000- | 200/- | 800/- | 5912/ 20 10 17 |
| 7 | കെ പി ,ജ്യോതി | പ്ളൈവുഡ് സ്റ്റോക്കിംഗ് | C5-6778/17 26/09/17 | 50000/- | 1000/- | 300/- | 700/- | 6192/ 30/10/17 |
| | ആകെ | | | | | | 2900 | |

കുറവ് വന്ന 2900 രൂപ ഈടാക്കി അടവാക്കേണ്ടതാണ്.

സി) ഡി &ഒ ലൈസൻസ് അപേക്ഷ അപൂർണ്ണം

താഴെ പറയുന്ന പുതുക്കിയ അപേക്ഷകളിൽ ലൈസൻസ് ഫീ ഈടാക്കുന്നതിന്റെ മാനദണ്ഡങ്ങളായ ദിവസ ശരാശരി വിറ്റുവരവോ, യന്ത്രങ്ങളുടെ കുതിര ശക്തിയോ രേഖപ്പെടുത്തിയിട്ടില്ല.

| ക്രമ നം | ഫയൽ നം | പേര് | ആവശ്യം | ഈടാക്കിയ ലൈസൻസ് ഫീസ്. |
|---|---|---|---|---|
| 1 | C5-3357/17 15/05/17 | ഡോ. രഞ്ജുഷ രാമകൃഷ്ണൻ സ്മൈൽ ഡെൻററൽ കെയർ | ഡെന്റൽ ക്ലിനിക്ക് | 200/- |
| 2 | C5- 3454/17 19/05/17 | മായ ഗോപാലകൃഷ്ണൻ | പച്ചക്കറി, പലവ്യഞ്ജന വ്യാപാരം | 100/- |
| 3 | ഫയൽ നമ്പർ ഇല്ല | ഷംസുദ്ദീൻ കെ എച്ച് | ബാർബർ ഷോപ്പ് | 100/- |
| 4 | C8-3894/17 | ഉമ്മർ ടി ഒ. | ഇലക്ട്രിക്കൽസ് പ്ലമ്പിംങ് | 100/- |

| | | | | |
|---|---|---|---|---|
| | 07/06/17 | | ഹാർഡ് വെയർ ,ഷോപ്പ് | |
| 5 | C5-3835/17 05/06/17 | ഹസീന ബഷീർ | തയ്യൽ കട | 100/- |
| 6 | C5-4113/17 16/06/17 | പി എൻ ശാന്ത | സുകൃതം സ്റ്റോർസ് | 100/- |
| 7 | C5-1245/17 28/02/17 | റോണി ക്ളീറ്റസ് ടി | പെയിൻറ് സ്റ്റോക്ക് ചെയ്തു വില്പന | 300/- |
| 8 | C5-419/18 17/01/2018 | സാജിത് കെ അസീസ് | ഹാർഡ് വെയർ ഷോപ്പ് | 300/- |
| 9 | C5-420/18 17/01/18 | സാജിത് കെ അസീസ് | ഹാർഡ് വെയർ ഷോപ്പ് | 300/- |
| 10 | C5-6624/17 20/09/17 | കെ കെ സുബൈർ | ടെക്സ്റ്റൈൽ ഷോപ്പ് | 200/ |

ഡി &ഒ ലൈസൻസിനുള്ള അപേക്ഷകൾ സ്വീകരിക്കുമ്പോൾ ലൈസൻസ് ഫീസ് നിർണ്ണയിക്കുന്നതിനാവശ്യമായ പൂർണ്ണമായ വിവരങ്ങൾ ഉൾപ്പെടുത്തി വാങ്ങേണ്ടതും അന്വേഷണ റിപ്പോർട്ട് സഹിതം തുടർനടപടികൾ സ്വീകരിച്ച് ഓഡിറ്റ് പരിശോധനയ്ക്ക് ഉതകുന്ന വിധം സൂക്ഷിക്കേണ്ടതാണ്.

## 2-2 റഗുലറൈസേഷൻ ഫീസ് കുറവ് ഈടാക്കി - 2941 രൂപ നഷ്ടം

ഗ്രാമപഞ്ചായത്ത് റഗുലറൈസേഷൻ ഫീസ് വാങ്ങിയതിൽ 2941 രൂപയുടെ നഷ്ടം സംഭവിച്ചു. കെട്ടിടനിർമ്മാണം ക്രമവൽക്കരിക്കുന്നതിന് പെർമിറ്റ് ഫീസിന്റെ ഇരട്ടി തുക ഈടാക്കണം (കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾ 2011 (Rule 137(4)). എന്നാൽ താഴെ പറയുന്ന അപേക്ഷകരിൽ നിന്നും റഗുലറൈസേഷൻ ഫീ ഈടാക്കിയതിൽ കുറവ് വന്നിട്ടുണ്ട്.

| ക്രമ നം | അപേക്ഷകന്റെ പേര് | പെർമിറ്റ് നമ്പർ കെട്ടിട ഇനം | തറവസ്തീർണം | ഈടാക്കണ്ടെ ഫീസ് | ഈടാക്കിയ ഫീസ്/രസിത് നമ്പർ | കുറവ് |
|---|---|---|---|---|---|---|
| 1 | ഡോ: പ്രമീള ദേവി, നന്ദലായത്തിൽ | C 4 – 2901/17 /27.5.2017 റെസിഡൻഷ്യൽ | 189.13 എം സ്ക്വയർ | 1890 | 310, 101796/22.5.2017 | 1580 |
| 2 | മേരി വർഗ്ഗീസ്, വള്ളൻതേര പറമ്പ് | C 4 – 5115/17 /2.8.2017 റെസിഡൻഷ്യൽ | 199.07 | 1990 | 629, 103948/2/8/17 | 1361 |
| ആകെ | | | | | | 2941 |

ഫീസിനത്തിൽ കുറവ് വന്നത് സംബന്ധിച്ച് 17.10.2018ൽ (നമ്പർ 1) ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. കുറവ് വന്ന 2941രൂപ ഈടാക്കി പഞ്ചായത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 2-3 ഭാഗിക ഒക്കുപ്പൻസി -അപാകത

ഗ്രാമ പഞ്ചായത്തിലെ വാർഡ് നമ്പർ 7 ൽ സർവ്വെ നമ്പർ 337/5 ൽ കെട്ടിടം നിർമ്മിക്കുന്നതിന് ശ്രീമതി. ജയശ്രീ, ശ്രീ. ശിവകുമാർ മുതൽ പേർക്ക് 2012 ൽ കെട്ടിട നിർമ്മാണ പെർമിറ്റ് നൽകി.

പെർമിറ്റിന്റെ വിശദ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| പെർമിറ്റ് നമ്പർ | C4 8845/11/14.06.2012 |
| പ്ലിന്ത് ഏരിയ | 7799.34 എം സ്ക്വയർ |

പെർമിറ്റ്/ കെട്ടിട നമ്പർ നൽകൽ എന്നിവ സംബന്ധിച്ച അപാകതകൾ ചുവടെ ചേർക്കുന്നു.

1)കെട്ടിട നിർമ്മാണം പൂർത്തിയായെങ്കിലും ഫൈനൽ ഫയർ എൻ ഓ സി ലഭിക്കാത്തതിനാൽ ഭാഗിക ഒക്കുപ്പേഷൻ സർട്ടിഫിക്കറ്റ് നൽകണമെന്നാവശ്യപ്പെട്ട് കെട്ടിട ഉടമകൾ അപേക്ഷ നൽകി ( തീയതി ഇല്ല, ഫയൽ നമ്പർ 4889/3.9.2015). ആയതിന് 2178.99 പ്ലിന്ത് ഏരിയയുള്ള കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാനും അപേക്ഷയോടൊപ്പം സമർപ്പിച്ചു.

കേരള ഫയർ & റസ്ക്യൂ സർവീസിന്റെ 6.3.2016 ലെ F2 9439/2016 -ാം നമ്പർ ഫൈനൽ ഫയർ എൻ ഒ സി പ്രകാരം കെട്ടിടത്തിന്റെ പ്ലിന്ത് ഏരിയ 8282.85 ആണ്. പെർമിറ്റ് നൽകിയ അളവിനേക്കാൾ 483.51എം സ്ക്വയർ ( 8282.85-7799.34) കെട്ടിടം അധികമായി നിർമ്മിച്ചിട്ടുണ്ട്. ആയതിന്റെ റഗുലറൈസേഷൻ ഫീസ് 4835 (483.51X10) ഈടാക്കി അടവാക്കേണ്ടതാണ്.

## 2-4 റോഡ് കട്ടിംഗ്

ഗ്രാമ പഞ്ചായത്തിൽ റോഡ് കട്ടിംഗ് അനുമതി നൽകിയത് സംബന്ധിച്ചുള്ള ഓഡിറ്റ് പരാമർശങ്ങൾ താഴെ ചേർക്കുന്നു. വിശദീകരണം ആവശ്യപ്പെട്ട് 23.10.2018 ൽ ഓഡിറ്റ് എൻക്വയറി (നം 9) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

1. കേരള കാർസ്

പഞ്ചായത്തിലെ 16- ാം വാർഡിലെ യശോറാം കോളനി റോഡിൽ 11 KV UG കേബിൾ സ്ഥാപിക്കുന്നതിന് കേരള കാർസ് പ്രൈവറ്റ് ലിമിറ്റഡ് ചേരാനല്ലൂർ 6.2.2018 ൽ അപേക്ഷ നൽകി.ആറ് പിറ്റുകൾ HDD രീതിയിൽ കുഴിച്ച് കേബിൾ സ്ഥാപിക്കുന്നതിന് സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത് 9.3.2018 ൽ അനുമതി നൽകി. റോഡ് കട്ട് ചെയ്തത് പൂർവ്വ സ്ഥിതിയിലാക്കാത്തത് സംബന്ധിച്ച് സർഗ്ഗം റെസിഡൻസ് അസോസിയേഷന്റെ ഉൾപ്പെടെ പരാതികൾ പഞ്ചായത്ത് ഓഫീസിൽ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ റോഡ് പൂർവ്വസ്ഥിതിയിലാക്കണമെന്നാവശ്യപ്പെട്ട് പഞ്ചായത്ത് സി2 993/18 നമ്പറിൽ 7.6.2017, 3.7.2017 തീയതികളിൽ അപേക്ഷകന് കത്ത് നൽകി. ആയതിന്റെ അടിസ്ഥാനത്തിൽ കൈരളി ഫോർഡുമായി 13.4.2018 ൽ നടത്തിയ ചർച്ചയിൽ 10 ദിവസത്തിനുള്ളിൽ റോഡ് നിർമ്മാണം പൂർത്തിയാക്കാമെന്നും കൂടുതൽ ഭാഗത്ത് റോഡിന് തകരാർ സംഭവിക്കുകയാണെങ്കിൽ ആയതും പരിഹരിച്ച് റോഡ് പൂർവ്വസ്ഥിതിയിലാക്കാമെന്നും അറിയിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

a)ആറ് പിറ്റുകൾ കുഴിച്ച് 6 മീറ്റർ നീളത്തിൽ മാത്രമാണ് റോഡ് കുഴിച്ചിരിക്കുന്നത് എങ്കിൽ വ്യാപകമായി പരാതി ഉണ്ടായതിന്റെ കാരണം പരിശോധിക്കേണ്ടതാണ്.

b)റോഡ് കട്ടിംഗ് ചാർജിനത്തിൽ 23180 രൂപയാണ് പഞ്ചായത്തിൽ അടച്ചിട്ടുള്ളത് (രസീത് നമ്പർ 111692/9.3.2018). കൂടുതൽ ദൂരത്തിൽ റോഡ് കുഴിച്ചിട്ടുണ്ടോയെന്നും റോഡ് കട്ടിംഗ് ചാർജിൽ കുറവ് സംഭവിച്ചിട്ടുണ്ടോയെന്നും പരിശോധിക്കേണ്ടതും കുറവ് വന്നിട്ടുണ്ടെങ്കിൽ ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

c)റോഡിന്റെ നിലവിലെ അവസ്ഥ പരിശോധിച്ച് നടപടി സ്വീകരിക്കേണ്ടതാണ്.

2. സൈമർ ആശുപത്രി

മൂന്നാം വാർഡിലെ ടിപ്പു സുൽത്താൻ റോഡിൽ 11 KV UG കേബിൾ സ്ഥാപിക്കുന്നതിന് സൈമർ ഹോസ്പിറ്റൽസ് പ്രൈവറ്റ് ലിമിറ്റഡിന് 22.1.2018 ൽ അനുമതി നൽകി. കേബിൾ വലിക്കുന്നതിനുള്ള റോഡിന്റെ നീളം 314 മീറ്ററാണ്. 9 പിറ്റുകൾ കുഴിച്ച് HDD രീതിയിൽ കേബിൾ സ്ഥാപിക്കുന്നതിനാണ് അപേക്ഷ സമർപ്പിച്ചിരിക്കുന്നത്. ആയതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് 22.01.2018 ൽ അനുമതി നൽകി.ഇത് സംബന്ധിച്ച് ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

a) ഒൻപത് പിറ്റുകൾ കുഴിക്കുന്നതിന് ഒൻപത് മീറ്റർ കണക്കാക്കി 34765 രൂപയാണ് (രസീത് നമ്പർ 11708050059/6.1.2018) പഞ്ചായത്തിൽ അടച്ചിട്ടുള്ളത് . കുഴിച്ചിട്ടുള്ള റോഡിന്റെ അളവ് പരിശോധിക്കേണ്ടതും കൂടുതൽ റോഡ് കട്ടിംഗ് നടത്തിയിട്ടുണ്ടെങ്കിൽ ആയത് പരിശോധിച്ച് ഫീസ് ഈടാക്കേണ്ടതാണ്.

b)റോഡ് പൂർവ്വസ്ഥിതിയിലാക്കണമെന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് അനുമതി നൽകിയിട്ടുള്ളത്. റോഡ് പൂർവ്വസ്ഥിതിയിലാക്കിയിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതാണ്.

3.പഞ്ചായത്ത് കമ്മറ്റി തീരുമാനം നടപ്പാക്കൽ

പഞ്ചായത്ത് കമ്മറ്റിയുടെ 20.07.2017 ലെ 20 -ാം നമ്പർ തീരുമാനം താഴെ പറയും പ്രകാരമാണ്.

“ ചേരാനല്ലൂർ പഞ്ചായത്തിലെ 6-ാം വാർഡിലെ ഇടയക്കുന്നം ചെറുവള്ളി റോഡിന്റെ RAPDRP പദ്ധതി പ്രകാരം 11 KV UG കേബിൾ വലിക്കുന്നതിന് കെ എസ് ഇ ബി ക്ക് റോഡ് കട്ടിംഗ് ചെയ്യുന്നതിന് അസി: എഞ്ചിനീയർ എൽ എസ് ജി ഡി എടുത്ത എസ്റ്റിമേറ്റ് പ്രകാരം റെസ്റ്റൊറേഷൻ ചാർജ് തുകയായ 1313188.8രൂപ പഞ്ചായത്ത് ഓഫീസിൽ ഒടുക്കി മേൽ നടപടി സ്വീകരിക്കാൻ പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ച് തീരുമാനിച്ചു.”

പഞ്ചായത്ത് കമ്മറ്റി തീരുമാനത്തിൻമേൽ സ്വീകരിച്ച നടപടി അറിയിക്കേണ്ടതാണ്. കെ എസ് ഇ ബി ക്ക് അനുമതി നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും റോഡ് കട്ടിംഗ് ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 2-5 ലേലം -അപാകതകൾ

ഗ്രാമ പഞ്ചായത്തിന്റെ ലേല നടപടികൾ സംബന്ധിച്ച വിവരങ്ങൾ അപൂർണ്ണമാണ്.വിവരങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് 29.10.2018 ൽ ഓഡിറ്റ് എൻക്വയറി (നം 19) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

1) കടത്ത് നടത്തിപ്പ് - ലേലം ചെയ്തില്ല.

ഗ്രാമ പഞ്ചായത്തിൽ താഴെ പറയുന്ന 4 കടത്തുകളാണ് ഉള്ളത്.

a)ചിറ്റൂർ മൂലമ്പിള്ളി കടത്ത്

b)വരാപ്പുഴ ചേരാനല്ലൂർ ഫെറി

c)ചേരാനല്ലൂർ മഞ്ഞുമ്മൽ കടത്ത്

d)കൊറംകോട്ട കടത്ത്

നാല് കടത്തുകളിൽ കൊറംകോട്ട കടത്ത് മാത്രമാണ് 2017-18 ൽ ലേലം ചെയ്ത് നൽകിയിട്ടുള്ളത്. ഇതര

കടത്തുകൾ ലേലം ചെയ്യുകയോ കടത്ത് നടത്തുകയോ ചെയ്തിട്ടില്ല എന്നാണ് വാക്കാൽ അറിയിച്ചത്. ക്രമ നം നം 1,2 എന്നീ കടത്തുകൾക്ക് വേണ്ടി 2017-18 ൽ ലേല നോട്ടീസ് നം C2 746/16 (തീയതി ഇല്ല) പ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എന്നാൽ അനന്തര നടപടികളുടെ വിവരം ഫയലിൽ സൂക്ഷിച്ചിട്ടില്ല . ആരും ലേലം കൈക്കൊണ്ടിട്ടില്ലെങ്കിൽ ആയതിന്റെ കാരണവും സ്വകാര്യ വ്യക്തികൾ അനധികൃതമായി കടത്ത് നടത്തിയിട്ടുണ്ടെങ്കിൽ ആയതിൻമേൽ പഞ്ചായത്ത് സ്വീകരിച്ച നടപടികളും അറിയിക്കണമെന്ന് എൻക്വയറിയിൽ ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

2)ശ്മശാനം ലേലം - തുക അടവിലെ അപാകത

ഗ്രാമ പഞ്ചായത്തിന്റെ ലേല നോട്ടീസ് നം C2 746/16 (തീയതി ഇല്ല) പ്രകാരം നടന്ന ലേലത്തിന്റെ അടിസ്ഥാനത്തിൽ ഗ്രാമ പഞ്ചായത്ത് ശ്മശാന നടത്തിപ്പിന്റെ അനുമതി നൽകിയത് സുജിൽ വി ആർ, ചിറ്റൂർ എന്നയാൾക്കാണ്. ടിയാന്റെ 5/3/2017 ലെ ക്വട്ടേഷനിലും ഏപ്രിൽ 2017 ലെ എഗ്രിമെന്റിലും രേഖപ്പെടുത്തിയിട്ടുള്ളത് 3000 രൂപയും കൂടാതെ ഒരു ശവദാഹത്തിന് 200 രൂപ പഞ്ചായത്തിൽ അടക്കും എന്നുമാണ്. 15.06.2017 ലെ 2568971 നമ്പർ രസീത് പ്രകാരം 3300 രൂപ ലേലക്കാരൻ അടച്ചിട്ടുണ്ട്. എന്നാൽ 200 രൂപ ശവദാഹത്തിന് എന്ന വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ 2017-18 ൽ ലഭിച്ച തുകയുടെ വിവരം ഫയലിലോ രജിസ്റ്ററിലോ രേഖപ്പെടുത്തിയിട്ടില്ല. ലഭിച്ച തുകയുടെ വിവരം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല.

ലേലം സംബന്ധിച്ച വിവരങ്ങൾ പരിശോധിക്കേണ്ടതും അപാകതകൾ പരിഹരിക്കേണ്ടതുമാണ്.

## 2-6 മാലിന്യ സംസ്കരണം - നടപടി സ്വീകരിക്കണം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മാലിന്യ സംസ്കരണം സംബന്ധിച്ച 22.07.2017 ലെ സ.ഉ.(സാധാ)2511/2017 തസ്വവഭവ ഉത്തരവ് പൂർണ്ണമായ രീതിയിൽ പഞ്ചായത്തിൽ നടപ്പാക്കിയിട്ടില്ല.ഇത് സംബന്ധിച്ച് 20.10.2018 ൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 4) നൽകിയ മറുപടിയിൽ പ്രാരംഭ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളതായി അറിയിച്ചു.സർക്കാർ ഉത്തരവിലെ താഴെ പറയുന്ന കാര്യങ്ങൾ നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

1.തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഡി & ഒ ലൈസൻസോടുകൂടി പ്രവർത്തിക്കുന്ന ഹോട്ടലുകൾ, ക്ലബുകൾ ഭക്ഷണശാലകൾ പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങൾ, പാർട്ടികളുമായി ബന്ധപ്പെട്ട് ഭക്ഷണം വിളമ്പുന്ന സ്ഥലങ്ങൾ, കാറ്ററിംഗ് യൂണിറ്റുകൾ, പച്ചക്കറി -പഴം വിപണന കടകൾ, മത്സ്യം, മാംസം എന്നിവ വിൽക്കുന്ന കടകൾ, വിവിധ കാന്റീനുകൾ എന്നിവടങ്ങളിലെല്ലാം മാലിന്യങ്ങൾ തരംതിരിച്ച് വേർതിരിച്ച് ഉറവിടത്തിൽ ഫലപ്രദമായി സംസ്കരിക്കുന്നതിന് ബയോബിൻ, എയ്റോബിക് ബിൻ, ബയോഗ്യാസ് പോലുള്ള അനുയോജ്യ സംവിധാനങ്ങൾ സജ്ജീകരിക്കണം.

2.അജൈവ മാലിന്യങ്ങൾ വേർതിരിച്ച് ശേഖരിച്ച് ഫീസ് ഒടുക്കി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് നൽകുന്നതിന് നടപടി സ്വീകരിക്കണം.

3. ഉത്തരവ് പ്രകാരം 2017 സെപ്തംബർ 15 നകം മാലിന്യ സംസ്കരണ നടപടി സ്വീകരിക്കാത്ത സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദാക്കുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനം നടപടി സ്വീകരിക്കേണ്ടതാണ്. നിലവിൽ ഉത്തരവിലെ വ്യവസ്ഥകൾ പാലിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

4.പഞ്ചായത്ത് രാജ് വകുപ്പ് 219 എ മുതൽ എക്സ് വരെയും സോളിഡ് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016 ലെ ചട്ടം 4 എന്നിവ നടപ്പാക്കുന്നതിന് പഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-7 രസീത് സൂക്ഷിപ്പിലെ അപാകതകൾ

ഗ്രാമ പഞ്ചായത്തിലെ രസീത് സൂക്ഷിപ്പിലെ അപാകതകൾ സംബന്ധിച്ചുള്ള ഓഡിറ്റ് പരാമർശങ്ങൾ താഴെ ചേർക്കുന്നു.

1. ഗ്രാമ പഞ്ചായത്തിലെ 1.4.2018 മുതൽ 14.10.2018 വരെ കാലയളവിലെ സാംഖ്യ ക്യാഷ് ബുക്ക് സമ്മറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

2. ജൂനിയർ സൂപ്രണ്ട് ശ്രീമതി. ഗായത്രി എം വി ക്ക് 9.4.2018 ന് അനുവദിച്ച 2595001-2595120 സീരിസിലെ 2595074 നമ്പർ സാംഖ്യ രസീതിന്റെ സ്റ്റേഷനറി പരിശോധനക്ക് ഹാജരാക്കിയില്ല. സ്റ്റേഷനറി പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

3. താഴെ പറയുന്ന രസീതുകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല.

| ക്രമ നം | രസീത് ബുക്ക് നമ്പർ | രസീത് നമ്പർ | രസീത് കൈപ്പറ്റിയ ഉദ്യോഗസ്ഥൻ |
|---|---|---|---|
| 1 | 37741 | 5 | ശാലി കൃഷ്ണൻ, ക്ലർക്ക് |
| 2 | 37736 | 13,20,27 | ബിന്ദു പ്രസാദ്, അസിസ്റ്റന്റ് എഞ്ചിനീയർ |

ഇക്കാര്യം സംബന്ധിച്ച് 25.10.2018 ൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം9a) 27.10.2018 ന് സമർപ്പിച്ച മറുപടിയിൽ ക്രമ നം 1ലെ രസീത് വെള്ളപ്പൊക്കത്തിൽ നഷ്ടപ്പെട്ടു എന്നറിയിച്ചു. എന്നാൽ ക്രമ നം (2) ലെ രസീത് സംബന്ധിച്ച് മറുപടി നൽകിയില്ല.
രസീത് സംബന്ധിച്ച പരാമർശങ്ങൾ പരിശോധിക്കേണ്ടതും ഭാവിയിൽ അപാകതകൾ ഒഴിവാക്കേണ്ടതുമാണ്.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ടെണ്ടർ കുറവ് വരുത്തിയില്ല - 125664 രൂപ നഷ്ടം

പഞ്ചായത്ത് 2017-18 ൽ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രവർത്തികളുടെ ബില്ലിൽ നിന്ന് ടെണ്ടർ കുറവ് തുക കുറവ് വരുത്താതെ തുക അനുവദിച്ചതിനാൽ 125664 രൂപയുടെ നഷ്ടം സംഭവിച്ചു. വിശദ വിവരം താഴെ ചേർക്കുന്നു.

1.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ /പേര് | S 0094/18/ വി കെ രാജൻ ലെയിൻ കാന, കവർ സ്ലാബ് വാർഡ് 14 (സ്പിൽ ഓവർ പ്രൊജക്റ്റ്) |
| കരാറുകാരന്റെ പേര് | ശ്രീ.ബി പി സാബു (എസ്റ്റിമേറ്റിനേക്കാൾ 22.5 % കുറവ് നിരക്കിൽ) |
| അടങ്കൽ, ഫണ്ടിനം | തനത് ഫണ്ട് 2000 രൂപ<br>മെയിന്റനൻസ് ഗ്രാന്റ് 214000<br>ആകെ 216000 |

| | |
|---|---|
| അളവു പുസ്തകം | 70/16-17 |
| ചെലവ് | മെയിന്റനൻസ് ഗ്രാന്റ് രൂപ 188799/- |
| ട്രഷറി ബിൽ നം | 12/26.9.2017 |

പഞ്ചായത്ത് കമ്മറ്റിയുടെ 7.1.2017 ലെ തീരുമാനം നം.1 പ്രകാരം ശ്രീ .ബി പി സാബുവിന്റെ ടെണ്ടർ അംഗികരിക്കുകയും 9.1.2017 ൽ AE/LSGD/CHR/2016-17 പ്രകാരം വർക്ക് ഓർഡർ നൽകുകയും ചെയ്തു. 28.06.2017 ൽ പൂർത്തിയായ വർക്കിന്റെ ഫൈനൽ ബിൽ അനുവദിച്ചപ്പോൾ ടെണ്ടർ കുറവ് വരുത്താത്തതിനാൽ കരാറുകാരന് അധികം തുക നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഇനം | കണക്കാക്കിയത് | കണക്കാക്കേണ്ടതത് |
|---|---|---|
| ആകെ പ്രവൃത്തി മൂല്യം | 188799 | 188799 |
| (-) ടെണ്ടർ കുറവ് 22.5 % | കുറവ് ചെയ്തിട്ടില്ല | 42480 |
| ആകെ | 188799 | 146319 |
| (-) വാറ്റ് 4% | 7552 | 5853 |
| (-) ഐ റ്റി 1% | 1888 | 1463 |
| (-) കെ സി ഡ ബ്ല്യൂ ഡബ്ല്യൂ എഫ് ) 1% | 1888 | 1463 |
| കരാറുകാരന്റെ തുക | 177471 | 137540 |
| കരാറുകാരന് അധികം നൽകിയത് | 39931 | |
| നികുതിയിനത്തിൽ അധികം അടച്ചത് | 2549 | |

2.

| | |
|---|---|
| പ്രോജക്ട് നമ്പർ /പേര് | S 0164/18/ ചന്തുമാസ്റ്റർ ലെയിനും സെന്റ് സേവ്യേഴ്സ് ലെയിനും അറ്റകുറ്റപ്പണി<br>( സ്പിൽ ഓവർ പ്രൊജക്ട്) |
| കരാറുകാരന്റെ പേര് | ശ്രീ.ബി പി സാബു (എസ്റ്റിമേറ്റിനേക്കാൾ 24.7 % കുറവ് നിരക്കിൽ) |
| അടങ്കൽ | പ്ലാൻ ഫണ്ട് 116000 രൂപ<br>തനത് ഫണ്ട് 89130 രൂപ<br>ആകെ 205150 രൂപ |
| അളവു പുസ്തകം | 69/16-17 |
| ചെലവ് | പ്ലാൻ ഫണ്ട് 116000 രൂപ<br>തനത് ഫണ്ട് 89130 രൂപ<br>ആകെ 205150 രൂപ |
| ട്രഷറി ബിൽ നം | 33/23.3.2018 |

പഞ്ചായത്ത് കമ്മറ്റിയുടെ 7.1.2017 ലെ തീരുമാനം നം.1 പ്രകാരം ശ്രീ .ബി പി സാബുവിന്റെ ടെണ്ടർ അംഗീകരിക്കുകയും 9.1.2017 ൽ AE/LSGD/CHR/2016-17 പ്രകാരം വർക്ക് ഓർഡർ നൽകുകയും ചെയ്തു. 30.06.2017 ൽ പൂർത്തിയായ വർക്കിന്റെ ഫൈനൽ ബിൽ അനുവദിച്ചപ്പോൾ ടെണ്ടർ കുറവ് വരുത്താത്തതിനാൽ കരാറുകാരന് അധികം തുക നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഇനം | കണക്കാക്കിയത് | കണക്കാക്കേണ്ടതത് |
|---|---|---|
| ആകെ പ്രവൃത്തി മൂല്യം | 205130 | 205130 |
| (-) ടെണ്ടർ കുറവ് 24.7 % | കുറവ് ചെയ്തിട്ടില്ല | 50667 |
| ആകെ | 205130 | 154463 |

| | | |
|---|---|---|
| (-) ഐ റ്റി 1% | 2051 | 1545 |
| (-) കെ സി ഡ ബ്ല ഡബ്ല എഫ് ) 1% | 2051 | 1545 |
| കരാറുകാരന്റെ തുക | 201028 | 151373 |
| കരാറുകാരന് അധികം നൽകിയത് | 49655 | |
| നികുതിയിനത്തിൽ അധികം അടച്ചത് | 1012 | |

3.

| | |
|---|---|
| പ്രോജക്ട് നമ്പർ /പേര് | S 0185/18 അംഗൻവാടി നമ്പർ 60 നടപ്പാത കോൺക്രീറ്റിംഗ് വാർഡ് 5<br>( സ്പിൽ ഓവർ പ്രൊജക്ട്) |
| കരാറുകാരന്റെ പേര് | ശ്രീ.ബി പി സാബു (എസ്റ്റിമേറ്റിനേക്കാൾ 17.8 % കുറവ് നിരക്കിൽ) |
| അടങ്കൽ, ഫണ്ടിനം | പ്ലാൻ ഫണ്ട് 190000 |
| അളവു പുസ്തകം | 68/16-17 |
| ചെലവ് | പ്ലാൻ ഫണ്ട് 182680 |
| ട്രഷറി ബിൽ നം | 13/26.9.2017 |

പഞ്ചായത്ത് കമ്മറ്റിയുടെ 22.12.2016 ലെ തീരുമാനം നം.1 പ്രകാരം ശ്രീ .ബി പി സാബുവിന്റെ ടെണ്ടർ അംഗീകരിക്കുകയും AE/LSGD/CHR/2016-17 (തീയതി ഇല്ല) പ്രകാരം വർക്ക് ഓർഡർ നൽകുകയും ചെയ്തു. 30.06.2017 ൽ പൂർത്തിയായ വർക്കിന്റെ ഫൈനൽ ബിൽ അനുവദിച്ചപ്പോൾ ടെണ്ടർ കുറവ് വരുത്താത്തതിനാൽ കരാറുകാരന് അധികം തുക നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഇനം | കണക്കാക്കിയത് | കണക്കാക്കേണ്ടതത് |
|---|---|---|
| ആകെ പ്രവൃത്തി മൂല്യം | 182680 | 182680 |
| (-) ടെണ്ടർ കുറവ് 17.8 % | കുറവ് ചെയ്തിട്ടില്ല | 32517 |
| ആകെ | 182680 | 150163 |
| (-) വാറ്റ് 4% | 7307 | 6007 |
| ഐ റ്റി | 1827 | 1502 |
| നിർമ്മാണ തൊഴിലാളി ക്ഷേമ നിധി വിഹിതം | 1827 | 1502 |
| കരാറുകാരന്റെ തുക | 171719 | 141152 |
| കരാറുകാരന് അധികം നൽകിയത് | 30567 | |
| നികുതിയിനത്തിൽ അധികം നൽകിയത് | 1950 | |

ടെണ്ടർ കുറവ് കിഴിക്കാത്തത് സംബന്ധിച്ച് 27.10.2018 ൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 16) 30.10.2017 ൽ സമർപ്പിച്ച മറുപടിയിൽ നഷ്ടത്തുക ഈടാക്കി അടവാക്കുന്നതാണെന്ന് അറിയിച്ചു.

കരാറുകാരന് അധികം നൽകിയ 120153 (39931+49655+30567) രൂപയും നികുതിയിനത്തിൽ അധികം അടച്ച 5511 (2549+1012+1950) രൂപയും ഉൾപ്പെടെ 125664 രൂപ ഈടാക്കി അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-2 അവാർഡ് വിതരണം

ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വൗച്ചറുകൾ പരിശോധിച്ചതിൽ പഞ്ചായത്തിലെ പത്ത്, പന്ത്രണ്ട് ക്ലാസ്സുകളിൽ A+ നേടിയ വിദ്യാർത്ഥികളെ ആദരിക്കുന്നതിനായി ട്രോഫിയും, ക്യാഷ്

അവാർഡും നൽകുന്നതിന് തനത് ഫണ്ടിൽ നിന്നും താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം | വൗച്ചർ നം/ തീയതി | ചെക്ക് നം/തീയതി | തുക | കുറിപ്പ് |
|---|---|---|---|---|
| 1 | 21700473/ 24-8-2017 | 34106- 23-8-17 | 38000/- | പത്ത്,പന്ത്രണ്ട് ക്ലാസ്സുകളിൽ A+ നേടിയ വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡ് നൽകിയത് |
| 2 | 21700478/ 25-8-2017 | 34104- 22-8-2017 | 9300/- | പത്ത്,പന്ത്രണ്ട് ക്ലാസ്സുകളിൽ A+ നേടിയ വിദ്യാർത്ഥികൾക്ക് ട്രോഫി വാങ്ങിയത് |
| 3 | 217005599/ 16-9-2017 | 34130- 15-9-2017 | 3169/- | വിദ്യാഭ്യാസ അവാർഡ് വിതരണത്തിന് ചിലവായ തുക |

തനത് ഫണ്ടിൽ നിന്നും ഗ്രാമ പഞ്ചായത്തിന് ചെലവഴിക്കാൻ കഴിയുന്ന പരമാവധി തുക 10000/-രൂപ ആയിരിക്കെ വിദ്യാഭ്യാസ അവാർഡ് നൽകുന്നതിന് 50469/- രൂപ നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് 25-10-2018ന് നൽകിയ ഓഡിറ്റ് എൻക്വയറി നം 10ന് മറുപടി ലഭ്യമാക്കിയില്ല. കൂടാതെ വിദ്യാഭ്യാസ അവാർഡ് വിതരണ ചടങ്ങ് നടത്തിയത് സംബന്ധിച്ച രേഖകളും ഓഡിറ്റിൽ ഹാജരാക്കിയില്ല. വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുന്നതിനായി നടത്തിയ ചടങ്ങിന്റെ ഉദ്ദേശശുദ്ധിയെ അംഗീകരിക്കുന്നു. എന്നാൽ സ്പോൺസർഷിപ്പ് മുഖേന ചെയ്യാൻ കഴിയുമായിരുന്ന ചടങ്ങിന് തനത് ഫണ്ടിൽ നിന്നും ചെലവ് ചെയ്തത് അംഗീകരിക്കുന്നില്ല. ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-3 കടത്ത് വള്ളം അറ്റകുറ്റപ്പണി

ഗ്രാമപഞ്ചായത്തിലെ കൊറംകോട്ട കടത്ത് വള്ളത്തിന്റെ അറ്റകുറ്റപ്പണി 2017 -18 ൽ നടത്തി. അവശ്യ രേഖകൾ കൂടാതെയും മുന്നൊരുക്കങ്ങൾ നടത്താതെയുമാണ് അറ്റകുറ്റപ്പണി നടത്തിയത്. വിശദ വിവരം താഴെ ചേർക്കുന്നു.

1.പ്രൊജക്ട് ഫയൽ പരിശോധനക്ക് ലഭ്യമാക്കിയില്ല.

പ്രൊജക്ട് നമ്പർ 58/17-18 പ്രകാരമാണ് കടത്ത് വള്ളം അറ്റകുറ്റപ്പണി ചെയ്തിട്ടുള്ളത്.എന്നാൽ പ്രൊജക്ടിന്റെ ഫയൽ അനുബന്ധ രേഖകൾ എന്നിവ 17.10.2018 ൽ ഓഡിറ്റ് എൻക്വയറി (നം 2) മുഖാന്തിരം ആവശ്യപ്പെട്ടിട്ടും ലഭ്യമാക്കിയില്ല. എൻക്വയറിക്ക് 24.10.2018 ൽ സമർപ്പിച്ച മറുപടിയിൽ അടിയന്തിര സാഹചര്യത്തിലാണ് അറ്റകുറ്റപ്പണി നടത്തിയതെന്നും, അംഗീകരിച്ച ക്വട്ടേഷൻ മാത്രം വൗച്ചറിൽ സൂക്ഷിച്ചിട്ടുണ്ട് എന്നും സെക്ഷൻ ക്ലർക്ക് സൂക്ഷിക്കേണ്ട രേഖകളും, അസി: എഞ്ചിനീയർ നൽകേണ്ട രേഖകളും യഥാസമയം ലഭിക്കാത്തതിനാലും വൗച്ചറിൽ സൂക്ഷിക്കാത്തതിനാലുമാണ് ഫയൽ ഇല്ലാത്തത് എന്നും അറിയിച്ചു. എന്നാൽ രേഖകളൊന്നും പരിശോധനക്ക് ലഭ്യമാക്കിയില്ല.

2. പഞ്ചായത്ത് കമ്മറ്റിയുടെ 29.05.2017 ലെ 2(2) തീരുമാന പ്രകാരം 25000 രൂപ കരാറുകാരന് അഡ്വാൻസ് നൽകുന്നതിന് തീരുമാനിച്ചു. അഡ്വാൻസ് നൽകിയതിന്റെ അടിസ്ഥാനം വ്യക്തമാക്കണമെന്നാവശ്യപ്പെട്ടതിന് അപകട സാധ്യതയുള്ളതിനാൽ വഞ്ചിക്കാരനെ തന്നെ അറ്റകുറ്റപ്പണിക്ക് അടിയന്തിരമായി ഏർപ്പെടുത്തുകയും, വിദഗ്ധോപദേശ പ്രകാരമാണ് അഡ്വാൻസ് നൽകുകയും ചെയ്തത് എന്നറിയിച്ചു.

അഡ്വാൻസ് നൽകിയത് പണം ചെലവഴിക്കലിന്റെ പൊതു മാനദണ്ഡങ്ങൾക്ക് വിരുദ്ധമാണ്. മാത്രവുമല്ല വിദഗ്ധ ഉപദേശം നൽകിയത് ആരാണെന്ന് വ്യക്തമാക്കിയിട്ടില്ല.

3. കടത്തു വഞ്ചിയുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് പരിശോധനക്ക് ലഭ്യമാക്കണമെന്നാവശ്യപ്പെട്ടതിന് നൽകിയ മറുപടിയിൽ ബ്ലോക്ക് പഞ്ചായത്ത് നൽകിയ ബോട്ടാണെന്നും ആയതിനാൽ വള്ളം രജിസ്റ്റർ

ചെയ്തിട്ടുണ്ടോയെന്നും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഉണ്ടോയെന്നും അറിയില്ല എന്നുമാണ് അറിയിച്ചത്. പ്രസ്തുത മറുപടി അംഗീകരിക്കത്തക്കതല്ല. രജിസ്ട്രേഷൻ, ഫിറ്റ്നസ് സർട്ടിഫിക്കറ്റ് എന്നിവ പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ്.

4. പ്രൊജക്ട് ചെലവിലെ വ്യത്യാസം

a) വിവിധ രേഖകൾ പ്രകാരം 91140 രൂപ അടങ്കലുള്ള പ്രൊജക്ടിന്റെ ചെലവ് താഴെ പറയും പ്രകാരമാണ്.

| | |
|---|---|
| ചെലവ് പത്രിക പ്രകാരം | 79300 രൂപ |
| യഥാർത്ഥ ചെലവ് | 95000 |
| ബിൽ നമ്പർ | 84/28.11.2017,64 /14.11.2017, |

അടങ്കലിനേക്കാൾ അധികരിച്ച് ചെലവ് ചെയ്തത് സംബന്ധിച്ച് വ്യക്തമാക്കണമെന്നാവശ്യപ്പെട്ടെങ്കിലും വിശദീകരണം നൽകിയില്ല. 95000 രൂപയുടെ തനത് ഫണ്ട് ഉൾപ്പെടുത്തി ഭേദഗതി പ്രൊജക്ട് തയ്യാക്കിയിട്ടുണ്ടെന്ന് അറിയിച്ചെങ്കിലും ഭേദഗതി വരുത്തിയ പ്രൊജക്ട് പരിശോധനക്ക് ലഭ്യമാക്കിയില്ല.

5. ഗ്രാമ പഞ്ചായത്ത് അസി: എഞ്ചിനീയർ എൽ എസ് ജി ഡി യോട് എസ്റ്റിമേറ്റ് ആവശ്യപ്പെടുകയും പണി പൂർത്തിയായതിനാൽ എസ്റ്റിമേറ്റ് അല്ല വാലുവേഷൻ സർട്ടിഫിക്കറ്റ് ആണ് നൽകാൻ സാധിക്കുക എന്നറിയിക്കുകയും ചെയ്തു. അസി: എഞ്ചിനീയർ 6//7/2017 ലെ 46/AE/LSGD/17 നം കത്തിനോടൊപ്പം സമർപ്പിച്ച വാലുവേഷൻ റിപ്പോർട്ട് പ്രകാരം ആകെ തുക 55230 രൂപയാണ്. അസി: എഞ്ചിനീയറുടെ വാലുവേഷൻ സർട്ടിഫിക്കറ്റ് കൂടാതെ അസി: എക്സിക്യൂട്ടീവ് എഞ്ചിനീയർ മെക്കാനിക്കൽ എൻജിനീയറിംഗ് വിഭാഗം ഡിപ്പാർട്ട്മെന്റ് ഓഫ് പോർട്ട്സിന്റെ എസ്റ്റിമേറ്റും മറുപടിയോടൊപ്പം ലഭ്യമാക്കി. പ്രസ്തുത എസ്റ്റിമേറ്റിലെ തുക 185070 രൂപയാണ്. അസി: എഞ്ചിനീയർ എൽ എസ് ജി ഡി ക്ഷമതയുള്ള ഉദ്യോഗസ്ഥൻ അല്ലാത്തതിനാൽ ടിയാളുടെ വാലുവേഷൻ അംഗീകരിക്കേണ്ടതില്ലായെന്നും മറുപടിയിൽ അറിയിച്ചു. എന്നാൽ അസി: എഞ്ചിനീയർ, എൽ എസ് ജി ഡി യോട് തന്നെയാണ് എസ്റ്റിമേറ്റ് തയ്യാറാക്കാൻ പഞ്ചായത്ത് സെക്രട്ടറി ആവശ്യപ്പെട്ടത്. മാത്രവുമല്ല അസി:എഞ്ചിനീയർ നൽകിയത് എസ്റ്റിമേറ്റ് അല്ല മറിച്ച് പണി പൂർത്തിയായതിന്റെ അടിസ്ഥാനത്തിൽ വാലുവേഷൻ സർട്ടിഫിക്കറ്റ് ആണ്. വാലുവേഷൻ സർട്ടിഫിക്കറ്റിനേക്കാൾ അധികമായി നൽകിയ 39770 (95000 – 55230) രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

ഫയൽ സൂക്ഷിക്കാത്തത് മൂലം ചെലവിന്റെ സമഗ്രത ഓഡിറ്റിൽ വിലയിരുത്താൻ സാധിച്ചില്ല. (ഫയൽ ലഭ്യമാകാത്തതിനാൽ വിവരാവകാശ ഫയൽ C4 – 4967/17, സഞ്ചയ ചെലവ് പത്രിക എന്നിവയിൽ നിന്ന് ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് ഓഡിറ്റ് എൻക്വയറിയും ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡികയും തയ്യാറാക്കിയിട്ടുള്ളത് )

വിശദ വിവരങ്ങളുടേയും രേഖകളുടേയും അടിസ്ഥാനത്തിൽ 39770 രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു, 55230 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-4 പ്ലാസ്റ്റിക്ക് ഷ്രെഡിംഗ് യൂണിറ്റ്

പഞ്ചായത്ത് 2017- 18 ൽ പ്ലാസ്റ്റിക്ക് ഷ്രെഡിംഗ് യൂണിറ്റ് സ്ഥാപിച്ചിട്ടുണ്ട്.പ്രസ്തുത പ്രൊജക്ടിന്റെ ഫയൽ ഓഡിറ്റ് പരിശോധനക്ക് ലഭ്യമാക്കിയില്ല.രേഖകൾ ഹാജരാക്കണമെന്നാവശ്യപ്പെട്ട് 30.10.2018 ൽ ഓഡിറ്റ് എൻക്വയറി(നം 24) നൽകിയെങ്കിലും മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തില്ല. പ്രൊജക്ടിന്റെ വിശദ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 14/18 |
| പ്രൊജക്ടിന്റെ പേര് | മാലിന്യ സംസ്കരണം ഷ്രെഡിംഗ് യൂണിറ്റ് സ്ഥാപിക്കൽ |
| അടങ്കൽ | പ്ലാൻ ഫണ്ട് 200000<br>ധനകാര്യ കമ്മീഷൻ 500000<br>ബ്ലോക്ക് പഞ്ചായത്ത് 500000<br>ആകെ 1200000 |
| ചെലവ് | പ്ലാൻ ഫണ്ട് 200000<br>ധനകാര്യ കമ്മീഷൻ 500000<br>ബ്ലോക്ക് പഞ്ചായത്ത് 282943<br>ആകെ 982943<br>( ബിൽ നമ്പർ 262/27.03.2018,260/27.03.2018) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

അംഗീകാരം ലഭിച്ച പ്രൊജക്ട് , കമ്മറ്റി തീരുമാനം, എസ്റ്റിമേറ്റ്, പ്രൊജക്ടിന്റെ വിശദ വിവരം, നിർവ്വഹണ ഏജൻസിയുടെ വിവരം, നിർവ്വഹണ ഏജൻസി തിരഞ്ഞെടുപ്പ്, കമ്മറ്റി അംഗീകാരം, എഗ്രിമെന്റ്, ബിൽ, ചെലവിന്റെ വിവരം (ഓൺലൈൻ ട്രാൻസാക്ഷൻ വിവരം, ഡി ഡി നം, ട്രഷറി ബിൽ നമ്പർ), മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവയാണ് ഓഡിറ്റ് എൻക്വയറിയിൽ ആവശ്യപ്പെട്ടത് എന്നാൽ ക്ലീൻ കേരള മിഷനുമായി 8.9.2017 ൽ ഒപ്പ് വെച്ച എഗ്രിമെന്റ് മാത്രമാണ് പരിശോധനക്ക് ലഭ്യമാക്കിയത്. ചെലവ് രേഖകളുടെ അഭാവത്തിൽ 982943 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-5 ലാപ്പ് ടോപ്പ് വിതരണം

ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ ലാപ്പ് ടോപ്പ് വിതരണ പ്രൊജക്ടിന്റെ ഫയൽ പൂർണ്ണമല്ല. രേഖകൾ/വിവരങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് 22.10.2018 ൽ ഓഡിറ്റ് എൻക്വയറി (നം 8)നൽകി. ആയതിന് 24.10.2018 ന് ലഭ്യമാക്കിയ മറുപടി പരിഗണിച്ചാണ് താഴെ പറയുന്ന ഓഡിറ്റ് പരാമർശങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ളത്.

പ്രൊജക്ടിന്റെ വിശദ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നം | 22/2018 |
| പ്രൊജക്ടിന്റെ പേര് | പട്ടികജാതി വിദ്യാർഥികൾക്ക് ലാപ്പ് ടോപ്പ് |
| അടങ്കൽ,ഫണ്ടിനം | 500000, എസ് സി പി |
| ചെലവ് | 466200<br>(1.ബിൽ നമ്പർ 9/15.02.2018 – 259000<br>2.ബിൽ നമ്പർ 14/28.02.2018 – 129500<br>3.ബിൽ നമ്പർ 17/28.03.2018 – 77700) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി:സെക്രട്ടറി |

ഗ്രാമ പഞ്ചായത്തിന്റെ 9.10.2017 ലെ സി3 6970/2017നമ്പർ ടെണ്ടർ നോട്ടീസിന്റെ അടിസ്ഥാനത്തിൽ ലഭിച്ച ടെണ്ടറുകൾ പ്രകാരം ഗാർനെറ്റ് കംപ്യൂട്ടേഴ്സ്, കാഞ്ഞിരമറ്റത്തിനെയാണ് (30.10.2017 ലെ 21(2) നം കമ്മറ്റി തീരുമാനം) 25900 രൂപ നിരക്കിൽ ലാപ്പ് ടോപ്പ് വിതരണത്തിന് തിരഞ്ഞടുത്തത്.

പ്രൊജക്ട് നടത്തിപ്പിലെ അപാകതകൾ/കുറവുകൾ

1.ഗ്രാമ പഞ്ചായത്ത് 14.11.2017 ലെ സി3 6041/2017 നം കത്ത് പ്രകാരം 7 ലാപ്പ് ടോപ്പുകളുടെ

വിതരണത്തിന് സപ്ലൈ ഓർഡർ നൽകിയിട്ടുണ്ട്. ടെണ്ടർ പ്രകാരം അംഗീകരിച്ച തുക 25900 രൂപയാണെങ്കിലും 30000 രൂപ നിരക്കിലാണ് 7 ലാപ്പ് ടോപ്പുകൾക്ക് സപ്ലൈ ഓർഡർ നൽകിയിരിക്കുന്നത്. (സപ്ലൈ ഓർഡർ നൽകിയത് സംബന്ധിച്ച് വിശദീകരണം നൽകിയില്ല). ആകെ 18 ലാപ്പ് ടോപ്പുകൾ വാങ്ങിയിട്ടുള്ളതിൽ 11 ലാപ്പ് ടോപ്പുകളുടെ സപ്ലൈ ഓർഡർ പരിശോധനക്ക് ലഭ്യമാക്കിയില്ല.

2. സ്ഥാപനത്തിന്റെ ബിൽ, ഗുണഭോക്തൃ ലിസ്റ്റ്, അപേക്ഷ, വിതരണ വിവരങ്ങൾ, കൈപ്പറ്റ് വിവരങ്ങൾ, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ലഭ്യമാക്കണമെന്നാവശ്യപ്പെട്ടെങ്കിലും വെള്ളപ്പൊക്കത്തിൽ നശിച്ചു എന്നാണ് മറുപടി നൽകിയത്. ചെലവിന്റെ വിവരം ഉറപ്പാക്കുന്ന രേഖകൾ ലഭ്യമല്ലാത്തതിനാൽ 466200 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-6 തെരുവ് വിളക്ക് അറ്റകുറ്റപ്പണി

ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ തെരുവ് വിളക്ക് അറ്റകുറ്റപ്പണി പ്രൊജക്ടിന്റെ ഫയൽ പൂർണ്ണമല്ല. രേഖകൾ/വിവരങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് 22.10.2018 ൽ ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

പ്രൊജക്ടിന്റെ വിശദ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നം | 09/2018 |
| പ്രൊജക്ടിന്റെ പേര് | തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണി ( എ എം സി) |
| അടങ്കൽ,ഫണ്ടിനം | 450000, തനത് ഫണ്ട് |
| ചെലവ് | 398981, ബിൽ നമ്പർ 175/12.03.2018 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

ഗ്രാമ പഞ്ചായത്തിന്റെ 3.4.2017 ലെ 2293/2017 നമ്പർ ടെണ്ടർ നോട്ടീസിന്റെ അടിസ്ഥാനത്തിൽ ലഭിച്ച ക്വട്ടേഷനുകൾ പ്രകാരം കാച്ചപ്പിള്ളി ഇലക്ട്രിക്കൽസ് &എക്വിപ്പ്മെന്റ്സ് അങ്കമാലിയേയും അദ്വിതീയ പവർ പ്രൊജക്ട്സ് എളംകുളത്തേയുമാണ് അറ്റകുറ്റപ്പണിക്ക് തെരഞ്ഞെടുത്തത്. വിശദ വിവരം താഴെ ചേർക്കുന്നു.

| ഇനം | നിരക്ക് | സ്ഥാപനം |
|---|---|---|
| ട്യൂബ് സെറ്റ് | 280 | കാച്ചപ്പിള്ളി ഇലക്ട്രിക്കൽസ് &എക്വിപ്പ്മെന്റ്സ് |
| സോഡിയം വേപ്പർ ലാമ്പ് സെറ്റ് | 624 | അദ്വിതീയ പവർ പ്രൊജക്ട്സ് |
| എൽ ഇ ഡി ലൈറ്റ് റിപ്പയറിംഗ് | 98 | അദ്വിതീയ പവർ പ്രൊജക്ട്സ് |
| എൽ ഇ ഡി ലൈറ്റ് ഫിറ്റിംഗ് ചാർജ് | 124 | അദ്വിതീയ പവർ പ്രൊജക്ട്സ് |

പ്രൊജക്ട് സംബന്ധിച്ച ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

1.ചെലവ് പത്രിക പ്രകാരം 398981 രൂപയാണ് ചെലവ് എന്നാൽ കാച്ചപ്പിള്ളി ഇലക്ട്രിക്കൽസ് &എക്വിപ്പ്മെന്റ്സിന്റെ 8/2/2018 ലെ 51 നമ്പറിലുള്ള ഒരു ഇൻവോയ്സ് മാത്രമാണ് ഫയലിൽ

സൂക്ഷിച്ചിട്ടുള്ളത്. ഓരോ ഇനവും വാങ്ങിയ എണ്ണം,ബിൽ നമ്പർ, തുക അനുവദിച്ച ഡി ഡി നമ്പർ എന്നിവ ലഭ്യമാക്കണമെന്നാവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല.

2)ടെണ്ടർ നോട്ടീസ് നിബന്ധന പ്രകാരം ലേബർ ചാർജ് കെ എസ് ഇ ബി നിശ്ചയിക്കുന്ന നിരക്കിനേക്കാൾ അധികരിക്കാൻ പാടില്ല. കെ എസ് ഇ ബി അസിസ്റ്റന്റ് എഞ്ചിനീയർ ചേരാനല്ലൂരിന്റെ 21/17-18/18.04.2017 നം കത്ത് പ്രകാരം ട്യൂബ് സെറ്റ് റിപ്പയറിംഗ് ചാർജ് 278 ആണ്. എന്നാൽ പഞ്ചായത്ത് അനുവദിച്ച നിരക്ക് 280 ആണ്. അധിക നിരക്ക് അനുവദിച്ചതിന്റെ കാരണം വ്യക്തമല്ല. റിപ്പയർ ചെയ്ത ട്യൂബ് സെറ്റുകളുടെ എണ്ണം ലഭ്യമാക്കാത്തതിനാൽ ഈയിനത്തിൽ അധിക തുക അനുവദിച്ചതിന്റെ വിവരം ഓഡിറ്റിൽ തയ്യാറാക്കാൻ സാധിച്ചില്ല.

3.അറ്റകുറ്റപ്പണി നടത്തിയത് സാക്ഷ്യപ്പെടുത്തുന്ന വാർഡ് മെമ്പർമാരുടെ സാക്ഷ്യ പത്രം ലഭ്യമാക്കിയില്ല.

ചെലവിന്റെ വിവരം ഉറപ്പാക്കാൻ സാധിക്കാത്തതിനാൽ 398981രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-7 കട്ടിൽ വിതരണം

ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ വയോജനങ്ങൾക്ക് കട്ടിൽ വിതരണ പ്രൊജക്ടിന്റെ ഫയൽ പൂർണ്ണമല്ല. രേഖകൾ/വിവരങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് 22.10.2018 ൽ ഓഡിറ്റ് എൻക്വയറി (നം 7) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

പ്രൊജക്ടിന്റെ വിശദ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നം | 63/2018 (സ്പിൽ ഓവർ പ്രൊജക്ട്) |
| പ്രൊജക്ടിന്റെ പേര് | വയോജനങ്ങൾക്ക് കട്ടിൽ വിതരണം |
| അടങ്കൽ | 425000 |
| ചെലവ് | 369750 പ്ലാൻ ഫണ്ട് (ട്രഷറി ബിൽ നമ്പർ 37/26.03.2018) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

ഗ്രാമ പഞ്ചായത്തിന്റെ 9.10.2017 ലെ സി3 6971/2018 നമ്പർ ടെണ്ടർ നോട്ടീസിന്റെ അടിസ്ഥാനത്തിൽ ലഭിച്ച ടെണ്ടറുകൾ പ്രകാരം കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസിനെയാണ് (29.11.2017 ലെ 22[1] നം കമ്മറ്റി തീരുമാനം) 5000 രൂപ നിരക്കിൽ കട്ടിൽ വിതരണത്തിന് തിരഞ്ഞെടുത്തത്. പ്രൊജക്ട് നിർവ്വഹണത്തിലെ അപാകതകൾ/വിവരങ്ങളുടെ അഭാവത്തിൽ വ്യക്തമല്ലാത്ത കാര്യങ്ങൾ താഴെ ചേർക്കുന്നു.

1.ടെണ്ടർ നോട്ടീസ് പ്രകാരം അടങ്കൽ തുക 300000 രൂപയാണ്. എന്നാൽ പഞ്ചായത്ത് 85 കട്ടിലുകൾക്ക് സപ്ലൈ ഓർഡർ നൽകിയിട്ടുണ്ട്. വിശദ വിവരം താഴെ ചേർക്കുന്നു.

| സപ്ലൈ ഓർഡർ നം | കമ്മറ്റി തീരുമാനം | എണ്ണം |
|---|---|---|
| 28.02.2017 ലെ സി3 6971/2018 | 29.11.2018 ലെ 22(1) | 71 |
| 5.12.2017 ലെ സി3 8061/2017 | 29.11.2018 ലെ 22(1) | 14 |

ടെണ്ടറിൽ നോട്ടീസിലെ തുകയേക്കാൾ അധികരിച്ച് സപ്ലൈ ഓർഡർ നൽകിയതിന്റെ കാരണം വ്യക്തമാക്കല്ല.

2.ചെലവ് പത്രിക പ്രകാരം 369750 രൂപയാണ് ചെലവ്.എന്നാൽ ഫയലിൽ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസിന്റെ രണ്ട് ബില്ലുകൾ സൂക്ഷിച്ചിട്ടുണ്ട്.വിശദ വിവരം താഴെ ചേർക്കുന്നു.

| ബിൽ നമ്പർ | കട്ടിലിന്റെ വില | എണ്ണം | തുക |
|---|---|---|---|
| PKDBC/0000236 /26.02.2018 | 5000 | 60 | 300000 |
| PKDBC/0000264 /7.03.2018 | 4350 | 85 | 369750 |

369750 രൂപ ചെലവിൽ 85 കട്ടിലുകൾക്ക് പുറമെ 60 കട്ടിലുകൾ കൂടി വാങ്ങിയിട്ടുണ്ടോയെന്ന് വ്യക്തമല്ല. ആകെ വാങ്ങിയ കട്ടിലുകളുടെ എണ്ണം, നൽകിയ തുകയുടെ വിവരം എന്നിവ ലഭ്യമാക്കണമെന്ന് ഓഡിറ്റ് എൻക്വയറിയിൽ ആവശ്യപ്പെട്ടിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

3.പ്രൊജക്ടിന്റെ ഗുണഭോക്തൃ ലിസ്റ്റ്, അപേക്ഷ, വിതരണ/ കൈപ്പറ്റ് രേഖകൾ എന്നിവയും ലഭ്യമാക്കിയില്ല.

മേൽ പറഞ്ഞ കാരണങ്ങളാൽ പ്രൊജക്ടിന്റെ ചെലവ് പൂർണ്ണമായി പരിശോധിക്കാൻ സാധിച്ചില്ല. രേഖകളുടെ അഭാവത്തിൽ 369750 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-8 സൈക്കിൾ വിതരണം

പട്ടിക ജാതി വിഭാഗത്തിലെ കുട്ടികൾക്ക് വേണ്ടി 2017 -18 ൽ ഗ്രാമപഞ്ചായത്ത് സൈക്കിൾ വിതരണ പ്രൊജക്ട് നടപ്പാക്കി. എന്നാൽ പ്രൊജക്ടിന്റെ ഫയൽ ഓഡിറ്റ് പരിശോധനക്ക് ലഭ്യമാക്കിയില്ല. രേഖകൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ടിട്ടും ചെലവ് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടും 20.10.2018 ൽ ഓഡിറ്റ് എൻക്വയറി (നം 3) നൽകി. ആയതിന് ലഭിച്ച മറുപടിയുടെ അടിസ്ഥാനത്തിലാണ് ഓഡിറ്റ് പരാമർശം ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രൊജക്ടിന്റെ വിശദ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നം | 19/18 |
| പ്രൊജക്ടിന്റെ പേര് | പട്ടിക ജാതി വിഭാഗത്തിലെ കുട്ടികൾക്ക് സൈക്കിൾ വിതരണം |
| അംഗീകാരം | 1/29.06.2017, സെക്രട്ടറി, ഗ്രാമപഞ്ചായത്ത് |
| അടങ്കൽ | 200000, എസ് സി പി |
| ചെലവ് | 103012 |
| ബിൽ നമ്പർ | 21/29.07.2017 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി: സെക്രട്ടറി |

പ്രൊജക്ട് നിർവ്വഹണത്തിലെ അപാകതകൾ താഴെ ചേർക്കുന്നു.

1.പ്രൊജക്ടിന്റെ ഫയൽ പൂർണ്ണമല്ല. 2016-17 ൽ ആരംഭിച്ച് 2018-19 വരെ നീണ്ട് നിന്ന സ്പിൽ ഓവർ പ്രൊജക്ടാണ് സൈക്കിൾ വിതരണം.മുരളി സൈക്കിൾ മാർട്ട് , കരുനാഗപ്പള്ളിയെയാണ് നം സി 3.6970/2017/01.11.2017 തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വിതരണത്തിന് തിരഞ്ഞെടുത്തത്. താഴെ പറയും പ്രകാരമാണ് സൈക്കിളിന്റെ വില.

| | |
|---|---|
| ലേഡി ബേർഡ് | 3989 |
| റോക്കി | 3849 |

2018-19 ൽ വാങ്ങിയ 12 സൈക്കിളുകളുടെ രേഖകൾ മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. 2017-18 ൽ ചെലവ് വന്ന 103012 രൂപയുടെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല. രേഖകൾ വെള്ളപ്പൊക്കത്തിൽ നശിച്ചു എന്നാണ് മറുപടി നൽകിയത്. പ്രളയത്തിൽ നശിച്ചു പോയ ഫയലുകളുടെ

ക്ഷമതയുള്ള റിപ്പോർട്ട് സമർപ്പിക്കണമെന്നാവശ്യപ്പെട്ട് 25.10.2018 ൽ ഓഡിറ്റ് എൻക്വയറി (നം 12) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ചെലവ് രേഖകളുടെ അഭാവത്തിൽ 103012 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-9 കുടിവെള്ള കണക്ഷൻ

ഗ്രാമപഞ്ചായത്ത് 2017 -18 ൽ നടപ്പാക്കിയ കുടിവെള്ള കണക്ഷൻ പ്രൊജക്ടിന്റെ ഫയൽ പൂർണ്ണമല്ല. രേഖകൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് 26.10.2018 ൽ ഓഡിറ്റ് എൻക്വയറി (നം 15) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. പ്രൊജക്ടിന്റെ വിശദ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നം | 17/18 |
| പ്രൊജക്ടിന്റെ പേര് | കുടിവെള്ള കണക്ഷൻ(ജനറൽ) |
| അംഗീകാരം | DDP EKM/F-6000/2017 /1/2/2018 |
| അടങ്കൽ | പ്ലാൻ ഫണ്ട് 90000<br>തനത് ഫണ്ട് 216000<br>ആകെ 306000 |
| ചെലവ് | പ്ലാൻ ഫണ്ട് 75000<br>(ട്രഷറി ബിൽ നം 31/21.3.2018-5000. 35/26.3.2018 -10000,36/26.3.2018-25000,40/28.3.2018-5000,49 /31.3.2018 30000) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

പ്രൊജക്ട് നിർവ്വഹണം സംബന്ധിച്ച ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

1.5000 രൂപ വീതം 15 അപേക്ഷകർക്ക് നൽകിയതായാണ് ലഭ്യമാക്കിയ ഫയലിലെ കുറിപ്പിൽ നിന്ന് വ്യക്തമാകുന്നത്. എന്നാൽ റ്റി ഡി ബാബു, തെക്കെപ്പൊക്കത്ത് എന്നയാളുടെ അപേക്ഷയും അനുബന്ധ രേഖകളും മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. ഇതര അപേക്ഷകളും അനുബന്ധ രേഖകളും ഹാജരാക്കുകയോ ലഭ്യമല്ലെങ്കിൽ ആയതിന്റെ കാരണമോ അറിയിക്കണമെന്ന് എൻക്വയറിയിൽ ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല.

2.ഗുണഭോക്തൃ ലിസ്റ്റ്, ഗുണഭോക്താക്കളുടെ അപേക്ഷ, വാട്ടർ കണക്ഷൻ ലഭിച്ചതിന്റെ വിവരം, തുക അനുവദിച്ചതിന്റെ/ കൈപ്പറ്റിയതിന്റെ വിവരം, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവയും ഓഡിറ്റിന് ലഭ്യമാക്കിയില്ല.

ചെലവ് സംബന്ധിച്ച രേഖകളുടെ അഭാവത്തിൽ 75000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-10 മിശ്ര വിവാഹ സഹായം - അംഗീകാരത്തിലെ അപാകത

മിശ്ര വിവാഹിതർക്ക് വേണ്ടി 2017 -18 ൽ ഗ്രാമപഞ്ചായത്ത് വിവാഹ ധനസഹായ പ്രൊജക്ട് നടപ്പാക്കി. പ്രൊജക്ടിന് അനുമതി നൽകിയതിൽ സാങ്കേതിക അപാകതയുണ്ട് കൂടാതെ മുഴുവൻ രേഖകളും ഫയലിൽ സൂക്ഷിച്ചിട്ടില്ല. പ്രൊജക്ടിന്റെ വിശദ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നം | 76/18 |
| പ്രൊജക്ടിന്റെ പേര് | മിശ്ര വിവാഹ ധനസഹായം |
| അംഗീകാരം | നമ്പർ ഇല്ല /21.06.2017, സെക്രട്ടറി, ഗ്രാമപഞ്ചായത്ത് |
| അടങ്കൽ | 200000, പ്ലാൻ ഫണ്ട് |
| ചെലവ് | 100000 രൂപ, ബിൽ നമ്പർ 56/27.10.2017,218 /23.3.2018 |

പ്രൊജക്ട് നിർവ്വഹണം സംബന്ധിച്ച് 20.10.2018 ൽ ഓഡിറ്റ് എൻക്വയറി നൽകുകയും(നം 5) ആയതിന് മറുപടി സമർപ്പിക്കുകയും ചെയ്തു. ആയത് പരിഗണിച്ചാണ് താഴെ പറയുന്ന പരാമർശങ്ങൾ തയ്യാറാക്കിയിട്ടുള്ളത്.

1)സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രൊജക്ട് സെക്രട്ടറി തന്നെയാണ് സാക്ഷ്യപ്പെടുത്തിയിട്ടുള്ളത്. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ അംഗീകാരം വാങ്ങാത്തത് സംബന്ധിച്ച് വ്യക്തമാക്കേണ്ടതാണ്.

2)ഒരു അപേക്ഷയും അനുബന്ധ രേഖകളും മാത്രമാണ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടുള്ളത്. രണ്ടാമത്തെ അപേക്ഷയും അനുബന്ധ രേഖകളും ഓഡിറ്റിന് ലഭ്യമാക്കണമെന്നാവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല. പ്രൊജക്ട് ഫയൽ പൂർണ്ണമായി സൂക്ഷിക്കേണ്ടതും അംഗീകാരം യഥാരീതിയിൽ നേടേണ്ടതുമാണ്.

അവശ്യ രേഖകളുടെ അഭാവത്തിൽ 100000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-11 വക്കീൽ ഫീസ് -ആദായനികുതി അടച്ചിട്ടില്ല

2017-18 വർഷത്തെ വൗച്ചറുകൾ പരിശോധിച്ചതിൽ പഞ്ചായത്തിലെ കേസുകൾ നടത്തുന്നതിന് അഡ്വക്കേറ്റ് ശ്രീ. ടി.കെ. അജിത് കുമാറിന് വക്കീൽ ഫീസിനത്തിൽ തനത് ഫണ്ടിൽ നിന്നും താഴെ പറയും പ്രകാരം 1,80,000 രൂപ നൽകിയിട്ടുണ്ട്.

| ക്രമ നം | കേസ് / അപ്പീൽ നം | വൗച്ചർ നം/ തീയതി | ചെക്ക് നം/തീയതി | തുക | കുറിപ്പ് |
|---|---|---|---|---|---|
| 1 | LSG Tribunal ന്റെ അപ്പീൽ നം. 1069/15, 668/15, 682/16, 756/16, 1160/16, 1238/16 ഫയൽ ചെയ്യുന്നതിനുള്ള അഡ്വാൻസ് ഫീസ് OP(c)No.2828/2015, WP(c)No.5892/16 എന്നിവയുടെ അഡ്വക്കേറ്റ് ഫീസും ചെലവുകളും | 21700042/ 17-4-2017 | 031545- 17-4-17 | 47000/- | |
| 2 | WP(c).no 3089/16, WP(c)no. 29609/16, WP(c)no. 4165/17, OS no.248/12 എന്നിവയുടെ അഡ്വക്കേറ്റ് ഫീസും ചെലവുകളും | 21700387/ 22-7-2017 | 31849- 22-7-17 | 54000/- | |
| 3 | WP(c) no. 32110/13, WP© no. 17453/17, WP(c)no13700/17, CCC(c) no.1771/17, WP(c) no. 153/17, WP(c) no. 32277/16 എന്നിവയുടെ അഡ്വക്കേറ്റ് ഫീസും | 21701072/21-2-2018 21701070/21-2-2018 21701071/21-2-2018 | 699769 15-2-2018 | 79000/- | സ്യൂട്ട് രജിസ്റ്ററിൽ വിവരങ്ങൾ ലഭ്യമല്ല |

| | ചെലവുകളും | | | | |
|---|---|---|---|---|---|

1961 ലെ ആദായനികുതി നിയമം വകുപ്പ് 194 (ജെ) പ്രകാരം പ്രൊഫഷണൽ സേവനങ്ങൾക്കുള്ള പ്രതിഫലമായി ഫീസ് നൽകുമ്പോൾ ഒരു വർഷം 75000 രൂപയിലധികം നൽകുകയാണെങ്കിൽ ആദായ നികുതിയിനത്തിൽ 10% സ്രോതസ്സിൽ കുറവ് ചെയ്ത് സർക്കാരിലേക്ക് ഒടുക്കുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതു പ്രകാരം അഡ്വക്കേറ്റ് ശ്രീ. ടി.കെ. അജിത് കുമാറിന് നൽകിയ ഫീസിൽ നിന്നും നിയമാനുസൃതമായ ആദായനികുതി കുറവ് ചെയ്ത് ആദായ നികുതി വകുപ്പിലേയ്ക്ക് അടവാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-12 മഴക്കാലപൂർവ്വ ശുചീകരണം- സർക്കാർ വിഹിതം ലഭ്യമായില്ല

സ.ഉ.(സാധാ) നം.1485/2017/ ത.സ്വ.ഭ.വ./08-05-2017 പ്രകാരം ശുചിത്വ മിഷൻ മുഖേനയുള്ള സർക്കാർ വിഹിതം 10000/- രൂപയും, തനത് ഫണ്ടിൽ നിന്നും 5000/-രൂപയും ഉൾപ്പെടെ വാർഡ് ഒന്നിന് ആകെ 15,000 രൂപ വീതം താഴെപ്പറയും പ്രകാരം ക്ലീനിംഗ് നടത്തിയ തൊഴിലാളികൾക്ക് നൽകിയിട്ടുണ്ട്.

| ക്രമ നം | വൗച്ചർ നം | ചെക്ക് നം | തുക | കുറിപ്പ് |
|---|---|---|---|---|
| 1 | 21700159/ 23-5-2017 | 031595/23-5-2017 | 15000/- | വാർഡ് 2 |
| 2 | 21700171/25-5-2017 | 031604/ 25-5-17 | 8000/- | വാർഡ് 12 |
| 3 | | 031605/29-5-2017 | 15000/- | വാർഡ് 7 |
| 4 | 217001800/ 31-5-2017 | 031231/ 31-5-2017 | 15000/- | വാർഡ് 17 |
| 5 | 21700185/31-5-2017 | | 7000/- | വാർഡ് 12 |
| 6 | 21700203/ 2-6-2017 | 0312334/ 2-6-2017 | 15000/- | വാർഡ് 11 |
| 7 | 21700204/ 2-6-2017 | | 15000/- | വാർഡ് 15 |
| 8 | | 031247/ 6-6-2017 | 15000/- | വാർഡ് 16 |
| 9 | | | 15000/- | വാർഡ് 1 |
| 10 | | | 15000/- | വാർഡ് 6 |
| 11 | 21700237/ 8-6-2017 | 031782/ 8-6-2017 | 15000/- | വാർഡ് 4 |
| 12 | 21700239/ 9-6-2017 | | 15000/- | വാർഡ് 5 |
| 13 | 21700240/ 9-6-2017 | | 15000/- | വാർഡ് 9 |
| 14 | 21700241/ 9-6-17 | | 15000/- | വാർഡ് 14 |
| 15 | 21700252/ 13-6-2017 | 031790/ 13-6-17 | 15000/- | വാർഡ് 13 |
| 16 | | 031805/ 20-6-17 | 15000/- | വാർഡ് 10 |
| 17 | 21700290/ 22-6-2017 | 031247/ 22-6-2017 | 15000/- | വാർഡ് 8 |
| 18 | 21700289/ 22-6-2017 | | 15000/- | വാർഡ് 3 |
| ആകെ | | | 255000/- | |

ഇത് സംബന്ധിച്ച് 30-10-2018 ന് നൽകിയ ഓഡിറ്റ് എൻക്വയറി നം 25 ന് മറുപടി ലഭ്യമാക്കിയില്ല. സർക്കാർ വിഹിതത്തിൽ നിന്നു ലഭിയ്ക്കുവാനുള്ള 170000/- രൂപ പഞ്ചായത്തിൽ ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-13 തെരുവ് വിളക്കുകളുടെയും, കുടിവെള്ള ടാപ്പുകളുടെയും സംയുക്തപരിശോധന

ഗ്രാമ പഞ്ചായത്തിലെ തെരുവ് വിളക്കുകളുടെയും വാട്ടർ ടാപ്പുകളുടെയും എണ്ണം സംബന്ധിച്ച് യഥാക്രമം കെ.എസ്.ഇ.ബിയും കേരള വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയതിന്റെ രേഖകൾ ഹാജരാക്കുന്നതിനായി 25-10-2018 ന് നൽകിയ ഓഡിറ്റ് എൻക്വയറി നം. 11 ന് മറുപടി ഹാജരാക്കിയില്ല. വൈദ്യുതി ചാർജ്ജും വെള്ളക്കരവും നിലവിലെ സാഹചര്യങ്ങൾക്ക് അനുസൃതമായി ക്രമീകരിക്കുന്നതിന് കെ.എസ്.ഇ.ബിയും കേരള വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിക്കുന്നു.

## 3-14 മുൻകൂർ തുകകൾ ക്രമപ്പെടുത്തണം

2017-18 വർഷത്തെ അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെപ്പറയും പ്രകാരം മുൻകൂർ തുകകൾ നൽകിയിട്ടുണ്ട്. എന്നാൽ ഈ തുകകൾ ക്രമീകരിച്ചത് സംബന്ധിച്ച വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

| ക്രമ നം | ഇനം | പേര് വിവരം | തീയതി | തുക |
|---|---|---|---|---|
| 1 | മുൻകൂർ ടി.എ | ശ്രീ.എം.ആർ സാജൻ, ചേരാനല്ലൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി | 22-8-2017 | 5000/- |
| 2 | പാലിയേറ്റീവ് കെയർ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 4-7-2017 | 53540/- |
| | | | 23-8-2017 | 49160/- |
| | | | 21-10-2017 | 49400/- |

ഇത് സംബന്ധിച്ച് 29-10-2018 ന് നൽകിയ ഓഡിറ്റ് എൻക്വയറി നം 23 ന് മറുപടി ലഭ്യമാക്കിയില്ല. മുൻകൂർ തുകകൾ ക്രമീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-15 വൗച്ചറുകളുടെ സൂക്ഷിപ്പ്- അപാകതകൾ

2017-18 വർഷത്തെ വൗച്ചറുകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽ പ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. 10-4-2017 തീയതിയിൽ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് അനൗൺസ്മെന്റ് റെക്കാർഡിംഗും മിക്സിംഗും നടത്തിയതിന് "പല്ലവി ഡിജിറ്റൽ റെക്കോഡിംഗ് സ്റ്റുഡിയോ" 17-4-2017 ന് ലഭ്യമാക്കിയ 126-ാം നമ്പർ രസീതിൽ 2500/- എന്ന് രേഖപ്പെടുത്തിയ തുക വെട്ടി തിരുത്തി 3500/- എന്ന് ചേർത്തിരിക്കുന്നു. 22-4-2017ലെ 21700063 നമ്പർ വൗച്ചർ, ചെക്ക് നമ്പർ 031558 – 22.4.2017 പ്രകാരം 3500/- രൂപ നൽകിയിട്ടുണ്ട്.

2. മാലിന്യ നീക്കത്തിന് ഉപയോഗിക്കുന്ന ലോറികളുടെ വാടകയുടെ വൗച്ചറുകളോടൊപ്പം സൂക്ഷിച്ചിട്ടുള്ള ട്രിപ്പ് ഷീറ്റുകളിൽ ഡ്രൈവറുടെ ഒപ്പ് മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥരോ, അധികാരികളോ ഒപ്പ് രേഖപ്പെടുത്തുകയോ, അപ്രൂവ് ചെയ്യുകയോ ചെയ്തിട്ടില്ല.

3. 500/-രൂപയ്ക്ക് മുകളിലുള്ള ചെലവുകൾ പണമായി നൽകാൻ പാടില്ല. എന്നാൽ വിവിധയിനം ചെലവുകൾക്ക് സെൽഫ് ചെക്ക് പ്രകാരം തുക പിൻവലിച്ച് ചെലവ് ചെയ്യുന്ന പ്രവണത കാണുന്നു.

   ഉദാഃ ചെക്ക് നം. 031541/10-4-2017 പ്രകാരം ഇലക്ട്രിസിറ്റി ചാർജ്ജ് 2765/- രൂപ (വൗച്ചർ നം. 21700037/ 10-4-2017), 17550/-രൂപ ജീപ്പ് ഡ്രൈവറുടെ വേതനം(വൗച്ചർ നം. 21700036/ 10-4-2017), 9953/-രൂപ കേരള ലീഗൽ സർവ്വീസ് അതോറിറ്റിയുടെ ക്ലാസ്സ് നടത്തിയതിന്റെ ചെലവ് (വൗച്ചർ നം. 21700038/ 10-4-2017)

4. കൂടാതെ വൗച്ചറുകളോടൊപ്പം സൂക്ഷിയ്ക്കുന്ന സബ്ബ് വൗച്ചറുകൾ അപൂർണ്ണമാണ്. വിവരങ്ങൾ രേഖപ്പടുത്താതെയും, ഒപ്പുവയ്ക്കാതെയും, എന്തിനായാണ് തുക നൽകുന്നതെന്ന് രേഖപ്പെടുത്താതെയും സബ്ബ് വൗച്ചറുകൾ സൂക്ഷിച്ചിരിയ്ക്കുന്നു.

ഉദാഃ ചെക്ക് നം. 031600/25-5-2017 പ്രകാരം മദ്യവിരുദ്ധ ബോധവൽക്കരണ ക്ലാസ്സ് നടത്തിയതിന് ചെലവ് 1700/- രൂപ (വൗച്ചർ നം. 21700164/25-5-2017)

5. വൗച്ചറുകൾ ക്രമ പ്രകാരം അടുക്കി സൂക്ഷിച്ചിട്ടില്ല

വൗച്ചറുകൾ ആവശ്യമായ രേഖകളോടൊപ്പം കൃത്യമായി സൂക്ഷിയ്ക്കുന്നതിന് ശ്രദ്ധിയ്ക്കേണ്ടതാണ്. ഉദ്യോഗസ്ഥരുടെയും, അധികാരികളുടെയും പ്രത്യേക ശ്രദ്ധ ഇക്കാര്യത്തിൽ അനിവാര്യമാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജ ക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 70000 | പാൽ സബ്സിഡി | 70000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 400000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 250000 | 150000 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 250000 | അങ്കണവാടി പോഷകാഹാരം | 250000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 500000 | മാലിന്യ സംസ്കരണം | 282943 | 217057 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 400000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 383375 | 16625 |

സംയുക്ത പ്രൊജക്ടുകൾ സംബന്ധിച്ച് AFS ലെ തുകയും പഞ്ചായത്തിൽ നിന്നും ലഭ്യമായയ തുകയും തമ്മിൽ വ്യത്യാസം പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുള്ളതാണ്. പ്രളയത്തിൽ പല രേഖകളും നഷ്ടപ്പെട്ടതിനാൽ ഇത് സംബന്ധിച്ച് തൃപ്തികരമായ വിശദീകരണം നൽകുവാൻ പഞ്ചായത്തിന് സാധിച്ചില്ല.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

മരാമത്ത് പ്രവൃത്തികൾക്ക് 2017-18വർഷത്തിൽ മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ

സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2001-02 | 5 | 2003-04 | 3.7.10.1 | തെരുവു വിളക്കുകൾ വാങ്ങിയതിൽ സംഭവിച്ച നഷ്ടം | ഉത്തരവാദിയായ സെക്രട്ടറി എൽസമ്മ കൊയ്ലോയുടെ ഡി.സി.ആർ.ജി.യിൽ നിന്നും 54511/- രൂപ പിടിച്ചതായി പഞ്ചായത്തിൽ അറിയിപ്പ് വന്നെങ്കിലും, ടി തുക നാളിതു വരെ പഞ്ചായത്ത് അക്കൗണ്ടിൽ വരവ് വച്ചിട്ടില്ല |

## 4-8 ചാർജ്/ സർച്ചാർജ് നടപടികളുടെ വിവരം.

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 58134622 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 60267911 |
| വരവിനങ്ങളിലുള്ള നഷ്ടം | 10676 |
| ചെലവിനങ്ങളിലുള്ളനഷ്ടം/ ഓഡി റ്റിൽ അംഗീകരിക്കാത്ത തുക | 165434 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2601585 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 2-1 | 2900 | | ശ്രീ. സാജൻ. എം. ആർ, സെക്രട്ടറി |
| 2-2 | 2941 | | ശ്രീ. സാജൻ. എം. ആർ, സെക്രട്ടറി |
| 2-3 | 4835 | | ശ്രീ. സാജൻ. എം. ആർ, സെക്രട്ടറി |
| 3-1 | | 125664 | ശ്രീമതി. റേച്ചൽ ബെഞ്ചമിൻ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-3 | | 39770 | ശ്രീ. സാജൻ. എം. ആർ, സെക്രട്ടറി |
| ആകെ | 10676 | 165434 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 50469 | ശ്രീ. സാജൻ. എം. ആർ, സെക്രട്ടറി |
| 3-3 | 55230 | ശ്രീ. സാജൻ. എം. ആർ, സെക്രട്ടറി |
| 3-4 | 982943 | ശ്രീ. സാജൻ. എം. ആർ, സെക്രട്ടറി |
| 3-5 | 466200 | ശ്രീ. ആനന്ദൻ. ടി.വി. അസിസ്റ്റന്റ് സെക്രട്ടറി |
| 3-6 | 398981 | ശ്രീ. ആനന്ദൻ. ടി.വി. സെക്രട്ടറി(ഇൻ ചാർജ്ജ്) |
| 3-7 | 369750 | ശ്രീ. ആനന്ദൻ. ടി.വി. സെക്രട്ടറി(ഇൻ ചാർജ്ജ്) |
| 3-8 | 103012 | ശ്രീമതി. ഗായത്രി.എം.വി,അസിസ്റ്റന്റ് സെക്രട്ടറി (ഇൻ ചാർജ്ജ്) |
| 3-9 | 75000 | ശ്രീ. ആനന്ദൻ. ടി.വി. സെക്രട്ടറി (ഇൻ ചാർജ്ജ്) |
| 3-10 | 100000 | ശ്രീ. ആനന്ദൻ. ടി.വി. സെക്രട്ടറി (ഇൻ ചാർജ്ജ്) |
| ആകെ | 2601585 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ്)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. സാജൻ. എം. ആർ, സെക്രട്ടറി | വിരമിച്ചു | മാനായത്ത്, കെടാമംഗലം, പറവൂർ പി.ഒ |
| ശ്രീ. ആനന്ദൻ. ടി.വി. അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, ചേരാനല്ലൂർ ഗ്രാമപഞ്ചായത്ത് | നികർത്തിൽ (H), പോളാശ്ശേരി, വൈക്കം |
| ശ്രീമതി. ഗായത്രി.എം.വി,അസിസ്റ്റന്റ് സെക്രട്ടറി(ഇൻ ചാർജ്ജ്) | ജൂനിയർ സൂപ്രണ്ട്, ചേരാനല്ലൂർ ഗ്രാമപഞ്ചായത്ത് | H.No. 148, സ്കൂൾ റോഡ്, 6th ക്രോസ്സ് റോഡ് സമീപം, ഗിരിനഗർ, കടവന്ത്ര, കൊച്ചി- 20 |

| | | |
|---|---|---|
| ശ്രീമതി. റേച്ചൽ ബെഞ്ചമിൻ, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, ചേരാനല്ലൂർ ഗ്രാമപഞ്ചായത്ത് | ബേഥേൽ ഹൗസ്, അരൂർ പി.ഓ, ചേർത്തല -688534 |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | എൽ.എഫ്.ഇ.(പി.3)982/98 തീയതി. 22.05.2000 |
| 1997-98 ചെലവ് | എൽ.എഫ്.ഇ.(പി.3)1061/98 തീയതി. 09.05.2000 |
| 1997-98 (വരവ്) | എൽ.എഫ്.ഇ.(പി.3)321/03 തീയതി. 19.07.2003 |
| 1998-99 | എൽ.എഫ്.ഇ.(പി.3)561/02 തീയതി. 07.01.2003 |
| 1999-00 | എൽ.എഫ്.ഇ.(പി.3)1654/03 തീയതി. 10.08.2004 |
| 2002-03 | എൽ.എഫ്.ഇ.(പി.3)729/05 തീയതി. 20.04.2006 |
| 2003-04 | എൽ.എഫ്.ഇ.(പി.3)561/02 തീയതി. 18.12.2008 |
| 2009-10 | എൽ.എഫ്.ഇ.(പി.8)1887/10 തീയതി. 05.08.2011 |
| 2008-09<br>2010-11<br>2011-12 | എൽ.എഫ്.ഇ.(പി.8)1720/12 തീയതി. 08.01.2013 |
| 2012-13 | എൽ.എഫ്.ഇ.(പി.10)484/14 തീയതി. 20.05.2014 |
| 2013-14 | എൽ.എഫ്.ഇ.(പി.10)1525/2015 തീയതി.10.09.2015 |
| 2014-15 | കെ.എസ്.എ-ഇ.കെ.എം(പി10)881/2016 തീ. 07.06.2016 |
| 2015-16 | കെ.എസ്.എ.-ഇ.കെ.എം.(പി.10)2016/16 തീ.13-12-2016 |
| 2016-17 | കെ.എസ് എ ഇ കെ.എം (പി10)1861/17/ 20.07-2017 |

തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് വേണ്ട അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം.

.

.

# അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(6) , 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും നഗരസഭകളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ചേരാനല്ലൂർ ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

.
ഡെപ്യൂട്ടി ഡയറക്ടർ

2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ

1.വസ്തുനികുതി സംബന്ധിച്ച വാർഷിക ധനകാര്യ പത്രികയിലെ കണക്കുകൾ സഞ്ചയ പ്രകാരമുള്ള കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

2. ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ പൂർണ്ണമായും അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

.

ഡെപ്യൂട്ടി ഡയറക്ടർ